DISTRICT PANCHAYATH KASARAGOD

# EQUIP 2024

(Educational Quality Improvement Programme for class ten)

## Student Support Material for Class X



# SOCIAL SCIENCE I

## MALAYALAM MEDIUM

DIET KASARAGOD

*EQUIP 2024*

---


**Chief Co-ordinators**

**Sri. N. Nandikeshan**
Deputy Director of Education
Kasaragod

**Dr. Raghurama Bhat K.**
Principal, DIET Kasaragod

**Co-ordinator**

**Madhusoodanan V.**
Lecturer, DIET Kasaragod

**Resource Team**

1. Jyothikumari A., GVHSS Karadka
2. Minish Babu K., GVHSS Iriyanni
3. Anilkumar P.S., GHSS Uppilikai
4. Sathyan K.V., GHSS Udinoor
5. Liji N.V., GHSS Pallikkara
6. Madanan C.K., GVHSS for Girls Kasaragod

***DTP Layout & Cover design***

*Rubix Cyber Cafe, Iriyanni, Kasaragod*

***Prepared & Published by : District Panchayath Kasaragod***



## ആശംസ

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളെ ദേശീയ തലത്തിൽ ഒന്നാമതെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ കൈവരിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾ സ്തുത്യർഹമായ പങ്കുവഹിച്ചു. ദേശീയ സംസ്ഥാനതല പഠനങ്ങൾ നമ്മുടെ കുട്ടികളുടെ പഠനനിലവാരം ഇനിയും ഉയരേണ്ടതുണ്ട് എന്ന സൂചനയാണ് നൽകുന്നത്. പഠനവിടവുകൾ പരിഹരിക്കുന്നതിനുവേണ്ടി കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പും കാസർകോട് ഡയറ്റും ഒത്തുചേർന്ന് നടപ്പാക്കുന്ന **'എക്വിപ്പ്' (EQUIP)** പഠനപരിപോഷണ പരിപാടിക്ക് എല്ലാ പിന്തുണയും ഉറപ്പുതരുന്നു. പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്കുവേണ്ടി ആദ്യമായാണ് ഇത്തരത്തിലൊരുദ്യമം. പൊതുപരീക്ഷകളെ അഭിമുഖീകരിക്കുന്ന പത്തും പന്ത്രണ്ടും ക്ലാസിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ മികവിന്റെ അടയാളമായി മാറുകയാണ് വാർഷിക പരീക്ഷകൾ. അറിവിന്റെ തെളിമയോടെ ഓരോ വിദ്യാർത്ഥിക്കും പരീക്ഷ എഴുതാൻ കഴിയണം. വിദ്യാർത്ഥികളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷകൾക്ക് വേണ്ടി തയ്യാറാക്കിയ പഠനപിന്തുണാസാമഗ്രിക്ക് എല്ലാവിധ ആശംസകളും നേരുന്നു. നന്നായി പഠിക്കുക. പരീക്ഷയെ സധൈര്യം നേരിടുക. തളരാതെ മുന്നോട്ട്. വിജയം നിങ്ങളോടൊപ്പമുണ്ട്. ആശംസകൾ.

**ശ്രീമതി ബേബി ബാലകൃഷ്ണൻ**
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കാസർകോട്



# ആശംസ

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയെ പൂർവ്വാധികം കരുത്തോടെ നാം മുന്നോട്ട് നയിക്കുകയാണ്. ഈ ഘട്ടത്തിലാണ് കാസർകോട് ജില്ലാ പഞ്ചായത്തും, പൊതുവിദ്യാഭ്യാസ വകുപ്പും, വിദ്യാഭ്യാസ പരിശീലന കേന്ദ്രവും (DIET) പത്താം ക്ലാസ്, പ്ലസ്ടു വിദ്യാർത്ഥികളുടെ പഠനവിടവുകൾ പരിഹരിക്കുന്നതിനും ആത്മവിശ്വാസത്തോടെ പൊതുപരീക്ഷയെ നേരിടാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി പഠനപരിപോഷണ സാമഗ്രി തയ്യാറാക്കുന്നത്. നിരന്തരമായ ഇടപെടലിന്റെ തുടർച്ചയായി ഈ വർഷം ആദ്യമായിട്ടാണ് പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലാ പഞ്ചായത്ത് പിന്തുണാസാമഗ്രി തയ്യാറാക്കുന്നത്. പ്രധാനപ്പെട്ട ആറ് വിഷയങ്ങളിലാണ് ഈ വർഷം തയ്യാറാക്കുന്നതെങ്കിലും അടുത്തവർഷം മറ്റു വിഷയങ്ങളിലും കുട്ടികൾക്ക് പിന്തുണ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികളുടെ അക്കാദമിക മികവ് ഉറപ്പുവരുത്തിക്കൊണ്ട് മികച്ച ഗ്രേഡുകൾ നേടാൻ അവരെ സജ്ജമാക്കാൻ **'എക്വിപ്പ് 2024'** എന്ന പേരിൽ തയ്യാറാക്കിയ ഈ പദ്ധതിക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
**അഡ്വ. സരിത എസ്.എൻ.**
ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി
അധ്യക്ഷ, ജില്ലാ പഞ്ചായത്ത്,
കാസർകോട്



# ആശംസ

ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുന്ന ഉത്തരവാദിത്തമാണല്ലോ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIET) കാലങ്ങളായി ചെയ്തുവരുന്നത്. മനുഷ്യവിഭവശേഷിയിൽ പരിമിതികൾ ഉള്ളപ്പോൾ തന്നെ പ്രീ–പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള മേഖലകളിൽ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യാനും നിർവഹിക്കാനും ഡയറ്റുകൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. പത്താം തരത്തിലെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ മറികടക്കാൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് **EQUIP (Educational Quality Improvement Programme).** അതതു വർഷത്തെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പത്താംതരത്തിലെയും പ്ലസ്ടുവിലെയും പരീക്ഷയെ അഭിമുഖീകരിക്കാൻ കുട്ടികളെ സഹായിക്കുന്ന വിവിധ വിഷയബന്ധിതമായ ചോദ്യമാതൃകകൾ യൂണിറ്റടിസ്ഥാനത്തിൽ പരിചയപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മലയാളത്തിലും ഇംഗ്ലീഷിലും കന്നഡയിലും പത്താംതരത്തിൽ ഐ.ടി. ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്ലസ്ടുവിൽ പ്രയാസകരമായ ആറ് വിഷയങ്ങളിലും പുസ്തകങ്ങൾ തയ്യാറാക്കി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ അധ്യയന വർഷം പത്താംതരം/പ്ലസ്ടു പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വ്യത്യസ്ത പഠനവേഗതയും പഠനമികവുമുള്ള എല്ലാ വിഭാഗം കുട്ടികൾക്കും ഈ സാമഗ്രി പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അധ്യാപകരുടെ ആത്മാർത്ഥമായ പിന്തുണയും പ്രോത്സാഹനവും അനിവാര്യമായ ഈ ഉദ്യമത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഏവർക്കും വിജയാശംസകൾ നേരുന്നു.

ആശംസകളോടെ,

**ഡോ. രഘുരാമ ഭട്ട് കെ.**

പ്രിൻസിപ്പാൾ

ഡയറ്റ് കാസർകോട്



# ആമുഖം

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതേസമയം ദേശീയ-സംസ്ഥാന പഠനങ്ങൾ നമ്മുടെ ജില്ലയിലെ കുട്ടികളുടെ പ്രകടനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട് എന്ന സൂചനയാണ് നൽകുന്നത്. ഈ പശ്ചാത്തലത്തിലാണ് ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ നിന്ന് 2023-24 അധ്യയനവർഷം എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ പഠനസാമഗ്രികൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ജില്ലാതല ഉന്നതാധികാര യോഗങ്ങളിൽ ചർച്ചചെയ്യപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡയറ്റ് കാസർകോടിന്റെ അക്കാദമിക നേതൃത്വത്തിൽ ജില്ലയിലെ മികച്ച അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് പത്താംതരത്തിൽ ഐ.ടി. ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്ലസ്ടുവിൽ ഏറ്റവും പ്രയാസമേറിയ ആറ് വിഷയങ്ങളിലും (ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്) പഠനപിന്തുണാസാമഗ്രികൾ തയ്യാറാക്കിയിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച് ഉന്നത വിദ്യാഭ്യാസമേഖലയിലേക്ക് പ്രവേശിക്കുന്ന പ്ലസ്ടു വിദ്യാർത്ഥികൾക്ക് പഠനപിന്തുണ നൽകുന്ന സാമഗ്രി ജില്ലയിൽ ആദ്യമായാണ് തയ്യാറാക്കുന്നത്. ജില്ലയിൽ നിന്നും പൊതുപരീക്ഷയെ അഭിമുഖീകരിക്കുന്ന മുഴുവൻ എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കും ആത്മവിശ്വാസം വളർത്തുന്നതിനും ഉന്നതവിജയം നേടുന്നതിനും ഈ ഉദ്യമം സഹായകമാകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ പദ്ധതിയെ നെഞ്ചേറ്റിയ പ്രിയപ്പെട്ട അധ്യാപക സുഹൃത്തുക്കൾക്ക് ഈ പുസ്തകത്തെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയട്ടെ. എല്ലാവർക്കും വിജയാശംസകൾ.

**ശ്രീ. എൻ. നന്ദികേശൻ**
ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ
കാസർകോട്

# SOCIAL SCIENCE I

## സാമൂഹ്യശാസ്ത്രം I

*Malayalam Medium*

# SOCIAL SCIENCE - MALAYALAM MEDIUM

## അധ്യായം 1
# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

### 1 മാർക്കിന്റെ ചോദ്യങ്ങൾ

1. 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യം ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു.
2. 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യത്തിന് രൂപം നൽകിയതാര്?
3. അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്സ് ലോകപ്രശസ്തമായ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയ വർഷം?
4. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം തയ്യാറാക്കിയത് ആരെല്ലാം?
5. 'മനുഷ്യന് ചില മൗലിക അവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല' - ഇത് ആരുടെ വാക്കുകളാണ്?
6. 'കോമൺസെൻസ്' എന്ന ലഘുലേഖ തയ്യാറാക്കിയതാര്?
7. 'ഞാനാണ് രാഷ്ട്രം' എന്ന് പ്രഖ്യാപിച്ച ഫ്രഞ്ച് ഭരണാധികാരി?
8. 'എനിക്ക് ശേഷം പ്രളയം' ഇത് ആരുടെ പ്രസ്താവനയാണ്?
9. 'സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലകളിലാണ്' - എന്ന് പ്രസ്താവിച്ച ചിന്തകൻ?
10. ഫ്രഞ്ച് ജനപ്രതിനിധിസഭയുടെ പേരെന്ത്?
11. ഫ്രഞ്ച് ദേശീയ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയ വർഷം?
12. 'ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും' - ഈ പ്രസ്താവന ആരുടേതാണ്?
13. നെപ്പോളിയന് അധികാരം നഷ്ടപ്പെടാനിടയാക്കിയ വാട്ടർലൂ യുദ്ധം നടന്ന വർഷം?
14. അമ്മ എന്ന ലോകപ്രസിദ്ധമായ നോവലിന്റെ രചയിതാവ്?
15. സാർ ഭരണകാലത്തെ റഷ്യൻ പാർലമെന്റിന്റെ പേര്?
16. ചൈനയിൽ ഇടപെടാൻ തുറന്ന വാതിൽ നയം പ്രഖ്യാപിച്ച രാജ്യം ഏത്?

17. കുമിന്താങ്ങ് പാർട്ടി രൂപീകരിക്കപ്പെട്ടത് ആരുടെ നേതൃത്വത്തിലായിരുന്നു?

18. ചൈന ജനകീയ റിപ്പബ്ളിക്കായി മാറിയത് എപ്പോൾ?

19. സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ ആശയങ്ങൾ ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. നവോത്ഥാനം മനുഷ്യന്റെ ചിന്തയിലും കാഴ്ചപ്പാടിലും ജീവിതത്തിലും ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കി. അവ ഏതൊക്കെ?

2. ജ്ഞാനോദയചിന്തകൾ പ്രചരിപ്പിച്ച ആശയങ്ങൾ ഏവ?

3. ലാറ്റിനമേരിക്കൻ വിപ്ലവത്തിന്റെ നേതാക്കൾ ആരെല്ലാം?

4. ബോക്സർ കലാപം എന്നാലെന്ത്?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. അമേരിക്കൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സിന്റെ പ്രാധാന്യമെന്ത്?

2. രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സിന്റെ പ്രാധാന്യമെന്ത്?

3. 1776 ജൂലൈ 4 ന് അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്സ് നടത്തിയ ലോകപ്രശസ്തമായ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഏവ?

4. പിൽക്കാല ലോകചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരം ചെലുത്തിയ സ്വാധീനമെന്ത്?

5. ടെന്നീസ് കോർട്ട് പ്രതിജ്ഞയിലേക്ക് നയിച്ച സാഹചര്യം വിശദമാക്കുക.

6. നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ ഏവ

7. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

8. ലാറ്റിനമേരിക്കൻ ജനത അനുഭവിച്ച വിവേചനങ്ങൾ എന്തെല്ലാം?

9. ഫെബ്രുവരി വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യം വിശദമാക്കുക.

10. റഷ്യയിൽ ഒരു തൊഴിലാളിവർഗ്ഗഭരണം സ്ഥാപിക്കുന്നതിൽ ഒക്ടോബർ വിപ്ലവം വഹിച്ച പങ്കെന്ത്?

## 6 മാർക്കിന്റെ ചോദ്യങ്ങൾ

1. ചുവടെ നൽകിയ സൂചനകളുടെ അടിസ്ഥാനത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ വിശദമാക്കുക.

    - മെർക്കന്റലിസ്റ്റ് നിയമങ്ങൾ
    - ചിന്തകരുടെ സ്വാധീനം

2. ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ വിശദമാക്കുക.

    സൂചകങ്ങൾ:

    - സാമൂഹിക അസമത്വം
    - ചിന്തകരുടെ സ്വാധീനം

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. അമേരിക്കൻ സ്വാതന്ത്ര്യസമരം
2. ജയിംസ് ഓട്ടിസ്
3. 1776 ജൂലൈ 4
4. തോമസ് ജെഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
5. ജോൺ ലോക്ക്
6. തോമസ് പെയിൻ
7. ലൂയി പതിനാലാമൻ
8. ലൂയി പതിനഞ്ചാമൻ
9. റൂസ്സോ
10. എസ്റ്റേറ്റ് ജനറൽ
11. 1789
12. മെറ്റേർണിക് (ആസ്ട്രിയൻ ഭരണാധികാരി)
13. 1815
14. മാക്സിം ഗോർക്കി
15. ദ്യൂമ
16. അമേരിക്കൻ ഐക്യനാടുകൾ
17. ഡോ. സൻയാത്സെൻ
18. 1949 ഒക്ടോബർ 1
19. ഫ്രഞ്ച് വിപ്ലവം

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • മാനവികത • ശാസ്ത്രാവബോധം • അന്വേഷണ കൗതുകം
   • യുക്തിചിന്ത • വിമർശന ബുദ്ധി • പ്രാദേശിക ഭാഷകളുടെ വളർച്ച
2. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത

3. ഫ്രാൻസിസ്കോ മിരാൻഡ

സൈമൺ ബോളിവർ

ജോസെ ഡി സാൻമാർട്ടിൻ

4. ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശം വിദേശ ഇടപെടലിനും ആധിപത്യത്തിനും അനുകൂലമായ നിലപാട് സ്വീകരിച്ചു. ഇതിനെതിരെ 1900 ൽ ചൈനയിലെ ചില രഹസ്യ സംഘടനകൾ കലാപം നടത്തി. ബോക്സർമാരുടെ മുഷ്ടിയായിരുന്നു അവരുടെ മുദ്ര. ഈ കലാപത്തെ ബോക്സർ കലാപം എന്നറിയപ്പെടുന്നു.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1.
- ഇംഗ്ലണ്ടിന്റെ നയങ്ങൾക്കും നിയമങ്ങൾക്കുമെതിരെ പ്രതികരിക്കാൻ ജോർജ്ജിയ ഒഴികെയുള്ള കോളനികൾ 1774 ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു.
- വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കണമെന്നും തങ്ങളുടെ അംഗീകാരമില്ലാതെ നികുതിച്ചുമത്തരുതെന്നും ആവശ്യപ്പെട്ട് രാജാവിന് നിവേദനം നൽകി.
- രാജാവ് ജനങ്ങളെ അടിച്ചമർത്താൻ സൈന്യത്തെ അയച്ചു.
- ഇത് ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധത്തിലേക്ക് നയിച്ചു.

2.
- അമേരിക്കൻ കോളനികളിലെ പ്രതിനിധികൾ 1775 ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു.
- ജോർജ്ജ് വാഷിംഗ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.

3.
- എല്ലാ മനുഷ്യരും തുല്യരാണ്.
- എല്ലാവർക്കും ചില അവകാശങ്ങളുണ്ട്. ജീവിതം, സ്വാതന്ത്ര്യം, ജീവിതസൗഖ്യം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം.
- അവകാശങ്ങൾ നേടിയെടുക്കാൻ ജനകീയ ഭരണകൂടങ്ങൾ രൂപീകരിക്കപ്പെടണം.
- ജനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്ന ഭരണകൂടങ്ങളെ മാറ്റുകയോ ഇല്ലാതാക്കുകയോ ചെയ്യാനുള്ള അവകാശം ജനങ്ങൾക്കുണ്ട്.

4.
- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവെച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.

- ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിന് നൽകി.

5.
- ജനങ്ങളുടെമേൽ പുതിയ നികുതി ചുമത്തുന്നതിനായി 1789 ൽ ലൂയി പതിനാറാമൻ സ്റ്റേറ്റ് ജനറൽ വിളിച്ചുചേർത്തു.
- ഒരു എസ്റ്റേറ്റിന് ഒരു വോട്ട് എന്നതിന് പകരം ഓരോ അംഗത്തിനും ഒരു വോട്ട് വേണമെന്ന് മൂന്നാം എസ്റ്റേറ്റ് വാദിച്ചു.
- ഒന്നും രണ്ടും എസ്റ്റേറ്റ് ഇതിനെ എതിർത്തു. തർക്കം രൂക്ഷമായി.
- മൂന്നാം എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിന്റെ ദേശീയ അസംബ്ലി എന്ന് പ്രഖ്യാപിച്ചു.
- അവർ അടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിക്കുകയും ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കിയ ശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് പ്രതിജ്ഞയെടുത്തു. (4 എണ്ണം എഴുതുക.)

6.
- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
- പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ്ങ് ഫണ്ട് രൂപീകരിച്ചു.
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- നിരവധി റോഡുകൾ നിർമ്മിച്ചു.
- നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി.

  (4 എണ്ണം എഴുതുക)

7.
- ഒന്നാം ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിന്മാറി.
- പ്രഭുക്കന്മാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം നൽകി.
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.

8.
- സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും ലാറ്റിനമേരിക്കയിൽ പ്രചരിപ്പിച്ചു.
- സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു.
- സ്പാനിഷ് രീതിയിലുള്ള വിദ്യാഭ്യാസം നൽകാനായി നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു.
- അവരുടെ കൃഷിരീതികളും കാർഷിക വിളകളും അവിടെ നടപ്പിലാക്കി.
- ലാറ്റിനമേരിക്കയിലെ ഖനികളിൽ നിന്ന് സ്വർണ്ണം, വെള്ളി തുടങ്ങിയവ അവർ കവർന്നെടുത്തു.

- സ്പെയിനുമായി മാത്രമേ വാണിജ്യ ബന്ധത്തിൽ ഏർപ്പെടാൻ പാടുള്ളൂ.
- സ്പെയിൻ നിർമ്മിക്കുന്ന സാധനങ്ങൾ കോളനികൾ നിർമ്മിക്കാൻ പാടില്ല.
- തോട്ടങ്ങളിലും ഖനികളിലും കോളനിക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചു.

9.
- റഷ്യ ഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ ഏകാധിപത്യത്തിൻ കീഴിൽ കർഷകരും ഫാക്ടറി തൊഴിലാളികളും ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചത്.
- കാൾ മാർക്സും, ഫ്രെഡറിക് ഏംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശം പകർന്നു.
- തൊഴിലാളികളുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായി തൊഴിലാളി സംഘടനകൾ രൂപം കൊണ്ടു.
- അങ്ങനെ രൂപംകൊണ്ട സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി ബോൾഷേവിക്കുകൾ എന്നും മെൻഷേവിക്കുകൾ എന്നും രണ്ടായി പിളർന്നു.
- 1905 ൽ ജപ്പാനോട് റഷ്യ – പ്രതിസന്ധി രൂക്ഷമാക്കി.
- രാഷ്ട്രീയാവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് 1905 ജനുവരി 9 ന് തൊഴിലാളികൾ നടത്തിയ പ്രകടനത്തിന് നേരെ പട്ടാളം നടത്തിയ വെടിവെയ്പ്പിൽ നൂറുകണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ടു.
- നിയമനിർമ്മാണ സഭയായ ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സർ നിക്കോളാസ് രണ്ടാമൻ ഒന്നാംലോക യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.
- 1917 മാർച്ച് 8 ന് ആയിരക്കണക്കിന് സ്ത്രീകൾ തെരുവിലിറങ്ങി.
- പട്ടാളക്കാരും സമരക്കാരോടൊപ്പം ചേർന്നു.
- പെട്രോഗാഡ് നഗരം തൊഴിലാളികൾ പിടിച്ചെടുത്തു.
- നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ താല്കാലിക ഗവൺമെന്റ് നിലവിൽ വരികയും ചെയ്തു.

10.
- ഫെബ്രുവരി വിപ്ലവത്തിലൂടെ അധികാരത്തിൽ വന്ന കെറൻസ്കി ഭരണകൂടത്തെ സോവിയറ്റുകളിലൊരു വിഭാഗം അംഗീകരിച്ചില്ല.
- സ്വിറ്റ്സർലൻഡിലായിരുന്ന ലെനിൻ തിരിച്ചെത്തി. താൽക്കാലിക ഗവൺമെന്റിനെ വിമർശിച്ചു.
- ബോൾഷെവിക്കുകളും സോവിയറ്റുകളും ലെനിനെ പിന്തുണച്ചു.
- നൂറ്റാണ്ടുകൾ പഴക്കമുള്ള സാമ്പത്തിക പിന്നാക്കാവസ്ഥയും ജനങ്ങൾക്കിടയിലുള്ള അസമത്വവും ഇല്ലാതാക്കാൻ ഒരു തൊഴിലാളിവർഗ്ഗ ഭരണകൂടത്തിനു മാത്രമേ കഴിയുകയുള്ളൂവെന്ന് ബോൾഷെവിക്കുകൾ പ്രചരിപ്പിച്ചു.

- ഒന്നാംലോകയുദ്ധത്തിൽ നിന്ന് റഷ്യ പിൻമാറുക.
- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക.
- ഫാക്ടറികൾ ജനങ്ങളുടെ പൊതുസ്വത്താക്കി മാറ്റുക

  തുടങ്ങിയ ആവശ്യങ്ങൾ അവർ ഉന്നയിച്ചു.
- 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ സായുധകലാപമാരംഭിച്ചു.
- കെറൻസ്കി രാജ്യം വിട്ടുപോവുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. ഇതാണ് ഒക്ടോബർ വിപ്ലവം.
- തുടർന്ന് ലെനിന്റെ നേതൃത്വത്തിൽ ഒരു കാബിനറ്റ് നിലവിൽ വന്നു.

  (9, 10 ചോദ്യങ്ങളുടെ ഉത്തരം ചേർന്നാൽ റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ, റഷ്യൻ വിപ്ലവത്തിന്റെ രണ്ട് ഘട്ടങ്ങൾ എന്നീ ചോദ്യങ്ങളുടെ ഉത്തരവുമായി)

## 6 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1.
- തങ്ങളുടെ വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള കേന്ദ്രമായും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായും ഇംഗ്ലീഷുകാർ കോളനികളെ കണക്കാക്കി. ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പാക്കിയ ഈ നയമാണ് മെർക്കന്റലിസം. അതുപ്രകാരം:
- കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.
- പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം.
- കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിനുള്ള താമസസ്ഥലവും സൗകര്യങ്ങളും കോളനി നൽകണം.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം.

  ഇത്തരം ചൂഷണങ്ങൾ കോളനിക്കാരെ വിപ്ലവത്തിലേക്ക് നയിച്ചു.

*ചിന്തകരുടെ സ്വാധീനം*

ജോൺ ലോക്ക് : മനുഷ്യന് ചില മൗലിക അവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

തോമസ് പെയിൻ : ഇംഗ്ലണ്ടിന് വടക്കേ അമേരിക്കൻ വൻകര ദീർഘകാലം കീഴടങ്ങി കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.

ചിന്തകളുടെ പ്രചോദനവും കോളനിക്കാർക്ക് ആവേശം പകർന്നു.

**2. സാമൂഹിക കാരണങ്ങൾ**

ഫ്രഞ്ച് സമൂഹം മൂന്ന് എസ്റ്റേറ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. രാജാവിന്റെയും ഒന്നും രണ്ടും എസ്റ്റേറ്റുകളുടെയും ചൂഷണത്തിനെതിരെയുള്ള മൂന്നാം എസ്റ്റേറ്റുകാരുടെ പ്രതിഷേധമാണ് ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ചത്.

ഒന്നാം എസ്റ്റേറ്റ് (പുരോഹിതന്മാർ)

- ധാരാളം ഭൂപ്രദേശം കൈവശം വെച്ചു.
- കർഷകരിൽ നിന്ന് 'തിഥെ' എന്ന നികുതി പിരിച്ചു.
- അതേ സമയം എല്ലാതരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.
- ഭരണത്തിന്റെയും സൈന്യത്തിന്റെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

രണ്ടാമത്തെ എസ്റ്റേറ്റ് (പ്രഭുക്കന്മാർ)

- സൈനീക സേവനം നടത്തി
- കർഷകരിൽ നിന്ന് നികുതികൾ പിരിച്ചു.
- വേതനം നൽകാതെ കർഷകരെ കൊണ്ട് പണിയെടുപ്പിച്ചു.
- നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടു.
- ആഡംബര ജീവിതം നയിച്ചു.
- വിശാലമായ ഭൂപ്രദേശം കൈവശം വെച്ചു.

മൂന്നാം എസ്റ്റേറ്റ് (കച്ചവടക്കാർ, എഴുത്തുകാർ, മധ്യവർഗ്ഗം, കർഷകർ, തുടങ്ങിയവ)

- ഭരണത്തിൽ ഒരവകാശവുമില്ല.
- തൈലേ എന്ന ഭൂനികുതി നൽകണം.
- പ്രഭുക്കന്മാർക്കും പുരോഹിതർക്കും നികുതി നൽകണം.

ചിന്തകരുടെ സ്വാധീനം

വോൾട്ടയർ : പുരോഹിതരുടെ ചൂഷണത്തെ പരിഹസിച്ചു. യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

റൂസ്സോ : ജനങ്ങളാണ് പരമാധികാരി എന്ന് പ്രഖ്യാപിച്ചു. 'സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്' എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ചു.

മൊണ്ടസ്ക്യൂ : ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.

അധ്യായം 2

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. ഐക്യരാഷ്ട്ര സംഘടനയുടെ ആസ്ഥാനം?
2. പാലസ്തീൻ വിമോചന സംഘടനയുടെ സ്ഥാപക പ്രസിഡന്റ്?
3. പാലസ്തീനെ സ്വതന്ത്ര രാഷ്ട്രമാക്കാൻ ഇസ്രായേൽ അംഗീകാരം നൽകിയ കരാർ?
4. ചേരിചേരാ പ്രസ്ഥാനം രൂപം നൽകാൻ തീരുമാനിച്ച സമ്മേളനം?
5. ഹിറ്റ്ലർ രൂപം നൽകിയ രഹസ്യ സംഘത്തിന്റെ പേര്?
6. ഫാസിസ്റ്റ് അക്രമണങ്ങൾക്ക് പ്രോത്സാഹനം നൽകിയ നയം ഏതുപേരിൽ അറിയപ്പെടുന്നു?
7. ഫാസിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി മുസ്സോളിനി രൂപം നൽകിയ സൈനീക വിഭാഗം?
8. ഹിറ്റ്ലർ രൂപീകരിച്ച സൈന്യത്തിന്റെ പേര്?

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. മുതലാളിത്തം എന്നാലെന്ത്?
2. കോളനിവത്ക്കരണത്തിൽ നിന്നും സാമ്രാജ്യത്വം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
3. മൊറൊക്കൻ പ്രതിസന്ധിയുടെ കാരണങ്ങൾ എഴുതുക?
4. ഒന്നാംലോകയുദ്ധം തുടങ്ങാൻ പെട്ടെന്നുണ്ടായ കാരണങ്ങൾ?
5. ഐക്യരാഷ്ട്ര സഭയുടെ ലക്ഷ്യങ്ങൾ?
6. ശീതസമരം എന്നാലെന്ത്?
7. ചേരിചേരാ പ്രസ്ഥാനം എന്നാലെന്ത്? ഇതിന്റെ രൂപീകരണ ലക്ഷ്യങ്ങൾ ഏവ?
8. നവസാമ്രാജ്യത്വം എന്നാലെന്ത്?

## 3 മാർക്കിന്റെ ചോദ്യങ്ങൾ

1. സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?
2. ത്രികക്ഷി സഖ്യത്തിൽ ഉൾപ്പെട്ട രാജ്യങ്ങൾ?
3. ത്രികക്ഷി സൗഹാർദ്ദത്തിൽ ഉൾപ്പെട്ട രാജ്യങ്ങൾ?
4. തീവ്രദേശീയതയിൽ അധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങൾ?
5. അച്ചുതണ്ട് ശക്തികളിൽ ഉൾപ്പെട്ട രാജ്യങ്ങൾ?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. ചുവടെ നൽകിയിരിക്കുന്നവയെക്കുറിച്ച് ചുരുക്കി വിവരിക്കുക.

   1) ഉദാരവത്ക്കരണം 2) സ്വകാര്യവത്ക്കരണം

   3) ആഗോളവത്ക്കരണം 4) നവസാമ്രാജ്യത്വം
2. ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താനിടയായ സാഹചര്യം എഴുതുക?
3. ജർമ്മനിയിൽ ഹിറ്റ്ലറെ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ ഏവ?
4. വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾ എഴുതുക.
5. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കിടയാക്കിയ കാരണങ്ങൾ?
6. ആഗോളവത്ക്കരണം വികസ്വര രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?
7. ജർമ്മനിയിൽ അധികാരത്തിലെത്തിയ ഹിറ്റ്ലർ സ്വീകരിച്ച നടപടികൾ എഴുതുക?
8. എ കോളത്തിന് യോജിച്ചവ ബി കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| • അഡോൾഫ് ഹിറ്റ്ലർ | • ഒന്നാം ലോകയുദ്ധം |
| • വേഴ്സായി സന്ധി | • ഗസ്റ്റപ്പോ |
| • സോവിയറ്റ് യൂണിയൻ തകർച്ച | • ഇറ്റലി |
| • ബെനിറ്റോ മുസ്സോളിനി | • മിഖായേൽ ഗൊർബച്ചേവ് |

9. എ കോളത്തിന് യോജിച്ചവ ബി കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| • ഗമാൽ അബ്ദുൾ നാസർ | • ഈജിപ്റ്റ് |
| • മർഷൽ ടിറ്റോ | • ഇന്ത്യ |
| • അഹമ്മദ് സുക്കർണോ | • യുഗോസ്ലാവിയ |
| • ജവഹർലാൽ നെഹ്റു | • ഇന്തോനേഷ്യ |

## 6 മാർക്കിന്റെ ചോദ്യങ്ങൾ

1. ഒന്നാം ലോകയുദ്ധത്തിന്റെ അനന്തരഫലങ്ങൾ?
2. ഫാഷിസത്തിന്റെ സവിശേഷതകൾ എഴുതുക.
3. രണ്ടാം ലോകയുദ്ധത്തിന്റെ അനന്തരഫലങ്ങൾ?
4. ജർമ്മനിയിൽ അധികാരത്തിലേറിയ ഹിറ്റ്ലർ സ്വീകരിച്ച നടപടികൾ എഴുതുക.

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ന്യൂയോർക്ക്
2. യാസർ അറഫാത്ത്
3. ഓസ്‌ലോ കരാർ
4. ബന്ദൂങ്ങ്
5. ഗസ്റ്റപ്പോ
6. പ്രീണനനയം
7. കരിങ്കുപ്പായക്കാർ
8. തവിട്ട് കുപ്പായക്കാർ

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ലാഭം ലക്ഷ്യമാക്കി ഉല്പാദനവും വിതരണവും സ്വകാര്യ വ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ്‌വ്യവസ്ഥ.
2. • കോളനികളിലേക്കുള്ള മൂലധന കയറ്റുമതിയുടെ ഘട്ടങ്ങളെയാണ് സാമ്രാജ്യത്വം എന്നറിയപ്പെടുന്നത്.
   • ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ആധിപത്യം ഇതിന്റെ സവിശേഷതയാണ്. നിയമവ്യവസ്ഥ, ഭരണസംവിധാനം, സൈനിക ശക്തി തുടങ്ങിയ ഘടകങ്ങൾ ഉപയോഗപ്പെടുത്തിയാണ് സാമ്രാജ്യത്വശക്തികൾ ചൂഷണനയങ്ങൾ നടപ്പിലാക്കിയത്.
3. 1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലുണ്ടാക്കിയ രഹസ്യസന്ധിയനുസരിച്ച് ആഫ്രിക്കൻ രാജ്യമായ മൊറൊക്കൊയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു.

   എന്നാൽ ജർമ്മനി ഇത് അംഗീകരിച്ചില്ല. അനുരഞ്ജന ചർച്ചയിൽ ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി പ്രശ്നം പരിഹരിച്ചു.
4. 1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനാന്റിനെ ബോസ്നിയൻ തലസ്ഥാനമായ സരയാവോവിൽ വച്ച് സെർബിയൻ യുവാവായ ഗവ്‌ലൊ പ്രിൻസപ്പ് വെടിവെച്ചു കൊന്നത്. സെർബിയ ആസ്ട്രിയക്കെതിരെ 1914 ജൂലൈ 28 ന് യുദ്ധം പ്രഖ്യാപിച്ചതോടെ ഒന്നാം ലോകയുദ്ധത്തിന് തുടക്കമായി.

5. • ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക.
   • അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
   • ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
6. പരസ്പരം ശത്രുത പുലർത്തിയ രണ്ടു ചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം.
7. • മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാകാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.
   • യുദ്ധവും സംഘർഷവുമില്ലാത്ത ഒരു ലോകത്തിന് മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറാൻ കഴിയൂ എന്ന തിരിച്ചറിവ്.
   • ചേരിചേരാ ലോകരാജ്യങ്ങളിൽ നിന്ന് മാറി നിൽക്കലല്ല. ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലും സജീവമായി ഇടപെടലാണ്.
8. ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് വിവിധ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾ അവരുടെ താല്പര്യങ്ങൾക്കുവേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ഇടപെടുന്നതിനെ നവസാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

## 3 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • കോളനികളുടെ പരമ്പരാഗത സമ്പദ്വ്യവസ്ഥ തകർന്നു.
   • ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
   • പ്രകൃതി വിഭവങ്ങൾ വ്യാപകമായി കൊള്ളയടിച്ചു.
2. ജർമ്മനി, ആസ്ട്രി – ഹംഗറി, ഇറ്റലി
3. ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ
4. പാൻസ്ലാവ് പ്രസ്ഥാനം, പാൻ ജർമ്മൻ പ്രസ്ഥാനം, പ്രതികാര പ്രസ്ഥാനം
5. ജർമ്മനി, ഇറ്റലി, ജപ്പാൻ

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ഉദാരവത്ക്കരണം

   ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണങ്ങളില്ലാതെ കടന്നുവരാനായി ഇറക്കുമതി നയങ്ങളും ഉദാരമാക്കി.

2. • ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.
• യുദ്ധാനന്തരകാലത്തെ വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ, നികുതി വർദ്ധനവ്, പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നകറ്റി.
• രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്കു പോകുമോ എന്ന ഭയം ഫാഷിസത്തെ പിന്തുണക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.

3. • ഒന്നാം ലോകയുദ്ധാന്തരം ജർമ്മനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായി സന്ധി.
• സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും
• ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും.

4. • ജർമ്മനിയുടെ മുഴുവൻ കോളനികളും സഖ്യകക്ഷികൾ പിടിച്ചെടുത്തു.
• യുദ്ധനഷ്ടപരിഹാരമായി വൻതുക ജർമ്മനി സഖ്യകക്ഷികൾ കൈക്കലാക്കി.
• യുദ്ധകുറ്റം ജർമ്മനിക്കുമേൽ കെട്ടിവച്ചു
• ജർമ്മനിയെ നിരായുധീകരിച്ചു.

5. • സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം.
• സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം
• പ്രതിരോധത്തിന് അമിതപ്രാധാന്യം നൽകിയത്.
• അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ
• ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും

6. • ദേശരാഷ്ട്രം എന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി.
• തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കി
• കാർഷികോത്പന്നങ്ങളുടെ വിലയിടിഞ്ഞു.
• പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നു.
• പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു.

7. • ജനങ്ങൾക്ക് സൈനിക സേവനം നിർബന്ധമാക്കി.
• പത്രം, സിനിമ, റേഡിയോ, വിദ്യാഭ്യാസം തുടങ്ങിയവയെ ആശയ പ്രചാരണത്തിന് ഉപയോഗിച്ചു.
• അക്രമണപരമായ വിദേശനയം സ്വീകരിച്ചു.

- ആസ്ട്രിയ, ചെക്കോസ്ലോവാക്യ തുടങ്ങിയ രാഷ്ട്രങ്ങളെ അക്രമിച്ചു.
- ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി സൈനിക സഖ്യങ്ങൾ രൂപീകരിച്ചു.

8. അഡോൾഫ് ഹിറ്റലർ - ഗസ്റ്റപ്പോ

   വേഴ്സായ് സന്ധി - ഒന്നാം ലോകയുദ്ധം

   സോവിയറ്റ് യൂണിയന്റെ തകർച്ച - മിഖായേൽ ഗോർബച്ചേവ്

   ബെനിറ്റോ മുസ്സോളിനി - ഇറ്റലി

9. ഗമൽ അബ്ദുൾ നാസർ - ഈജിപ്റ്റ്

   മൾഷൽ ടിറ്റോ - യൂഗോസ്ലോവിയ

   അഹമ്മദ് സുക്കർണ്ണോ - ഇന്തോനേഷ്യ

   ജവഹർലാൽ നെഹ്രു - ഇന്ത്യ

## 6 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.
   - യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.
   - ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
   - കൃഷി, വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
   - ലോക സമാധാനം സംരക്ഷിക്കുന്നതിനായി സർവ്വരാഷ്ട്ര സഖ്യം എന്ന സംഘടന രൂപംകൊണ്ടു.
2. • ജനാധിപത്യത്തോടുള്ള വിരോധം
   - രാഷ്ട്രത്തെ മഹത്വവത്ക്കരിക്കൽ
   - ഭൂതകാലത്തെ പ്രകീർത്തിക്കൽ
   - സൈനിക സ്വേച്ഛാധിപത്യം
   - വംശ മഹിമ ഉയർത്തിപ്പിടിക്കൽ
   - തീവ്രദേശീയത പ്രചരിപ്പിക്കൽ
3. • ദശലക്ഷകണക്കിനുപേർ കൊല്ലപ്പെട്ടു.
   - യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില താറുമാറായി

- യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോകസമാധാനം തകർന്നു.
- ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻ ശക്തികളായി മാറി.
- ലോക സമാധാനം സംരക്ഷിക്കുന്നതനായി ഐക്യരാഷ്ട്ര സംഘടന രൂപീകരച്ചു.

4. ....................................................

## അധ്യായം 3

# പൊതുഭരണം

### 1 മാർക്കിന്റെ ചോദ്യങ്ങൾ

1. പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ് - എന്ന് നിർവചിച്ചത് ആര്?
2. വിവരാവകാശ നിയമനിർമ്മാണത്തിന് കാരണമാകുവാൻ പ്രവർത്തിച്ച സംഘടന ഏതാണ്?

### 2 മാർക്കിന്റെ ചോദ്യങ്ങൾ

1. പൊതുഭരണത്തിന്റെ ഭാഗമായ ഏതെങ്കിലും 2 സ്ഥാപനങ്ങളും അവയുടെ ചുമതലകളും എഴുതുക.
2. രാജഭരണരീതിയിലും ജനാധിപത്യഭരണരീതിയിലും പൊതുഭരണത്തിൽ കാണുന്ന പ്രകടമായ വ്യത്യാസം എന്ത്?
3. പൊതുഭരണത്തിന്റെ പ്രാധാന്യം എന്ത്?
4. പൊതുഭരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് എപ്രകാരമായിരുന്നു?
5. പൊതുഭരണസംവിധാനത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.
6. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
7. പൊതുഭരണത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?
8. ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
9. സെൻട്രൽ - സംസ്ഥാന വിജിലൻസ് കമ്മീഷനുകൾ എപ്രകാരമാണ് അഴിമതി തടയുവാൻ വേണ്ടി പ്രവർത്തിക്കുന്നത്?

10. ആധുനിക സമൂഹം എന്തിനെയാണ് അഴിമതിയായി കണക്കാക്കുന്നത്.

11. വിവരാവകാശ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ വ്യത്യസ്ത ഘടകങ്ങൾ താരതമ്യം ചെയ്ത് സവിശേഷതകൾ പട്ടികപ്പെടുത്തുക.
2. ഭരണഘടനാ സ്ഥാപനങ്ങളായ UPSC, PSC ഇവയുടെ ചുമതലകൾ വിശദമാക്കുക.
3. ഭരണനവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ നടപടികൾ ഏതൊക്കെ?
4. ഇ-ഗവേണൻസ് എന്നാൽ എന്ത്? ഇ-ഗവേണൻസ് കൊണ്ടുള്ള പ്രധാന നേട്ടങ്ങൾ എന്തെല്ലാം?
5. വിവരാവകാശ കമ്മീഷന്റെ ഘടന വിശദമാക്കുക.
6. സേവനാവകാശ നിയമം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നത് എങ്ങനെ?
7. ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾ അഴിമതി തടയുന്നതിൽ പൊതുജനങ്ങൾക്ക് സഹായകരമാകുന്നത് എങ്ങനെ?

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. എൻ. ഗ്ലാഡൻ
2. മസ്ദൂർ കിസാൻ ശക്തി സംഘതൻ - രാജസ്ഥാൻ

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. കൃഷിഭവൻ - കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു.

   പ്രാഥമിക ആരോഗ്യകേന്ദ്രം - ചികിത്സാ സൗകര്യം ഒരുക്കുന്നു.
2. രാജഭരണകാലത്ത് രാജാവിന്റെ താല്പര്യങ്ങൾക്കായിരിക്കും പ്രാധാന്യം. ജനാധിപത്യഭരണക്കാലത്ത് ജനങ്ങളുടെ താല്പര്യങ്ങൾക്കാണ് പ്രാധാന്യം.
3. - ജനക്ഷേമം ഉറപ്പാക്കുന്നു
   - ഗവ. നയങ്ങൾ രൂപപ്പെടുത്തുന്നു
   - സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
   - ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
4. - പൊതുഭരണം എല്ലാവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവരെ പ്രത്യേകമായി പരിഗണിക്കണം.
   - ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

     ഉദാ:- പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ.
5. - രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയും, പൊതുഭരണത്തിനുകീഴിൽ പ്രവർത്തക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്നുപറയുന്നു.
   - പൊതുഭരണത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ചെയ്യുക.
   - പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുക
   - ഗവൺമെന്റ് സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുക.

6. ശ്രേണീപരമായ സംഘാടനം

- സ്ഥിരത
- യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം
- രാഷ്ട്രീയ നിഷ്പക്ഷത
- വൈദഗ്ദ്യം

7.
- ഉദ്യോഗസ്ഥ വൃന്ദത്തിന്റെ കാര്യക്ഷമത ഇല്ലായ്മ
- അഴിമതി

8. ഭരണതലത്തിലും, ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപംനൽകിയിരിക്കുന്ന സ്ഥാപനം. പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കുന്ന അഴിമതികളിൽ കേസ് എടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കുവാനും അധികാരമുണ്ട്.

ലോക്പാൽ - ദേശീയതലത്തിൽ അഴിമതി തടയുന്നതിനുള്ള സ്ഥാപനം

ലോകായുക്ത - സംസ്ഥാന തലത്തിൽ അഴിമതി തടയുവാനായി പ്രവർത്തിക്കുന്നു.

9. സെൻട്രൽ വിജിലൻസ് കമ്മീഷൻ

- അഴിമതി തടയുന്നതിന് ദേശീയതലത്തിൽ പ്രവർത്തിക്കുന്നു.
- കേന്ദ്രഗവൺമെന്റ് ഓഫീസുകളിലെ അഴിമതി തടയുന്നതിന് വേണ്ടി രൂപം നൽകി
- സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ, എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിക്കുന്നു.

സംസ്ഥാന വിജിലൻസ് കമ്മീഷൻ:

- സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കുന്നത്.
- സംസ്ഥാന വിജിലൻസ് കമ്മീഷന്റെ ചുമതല


വിജിലൻസ് കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളും നിലവിലുണ്ട്.

10.
- സേവനങ്ങൾ വൈകി നൽക്കുന്നതും, സേവനം ലഭിക്കുവാനുമുള്ള അവകാശം നിഷേധിക്കുന്നതും.
- സേവനത്തെ ഔദാര്യമാക്കുന്നത്.

11.
- അഴിമതി തടയുക
- ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുക.
- ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വംബോധം വർദ്ധിപ്പിക്കുക.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1.




2. **UPSC**

- കേന്ദ്ര സർവ്വീസിലേക്കും അഖിലേന്ത്യാ സർവ്വീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നു.
- കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

**PSC**

- സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നു.
- കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണ്ണർ ആണ്.
- ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

3. ഇ-ഗവേണൻസ്

- അറിയാനുള്ള അവകാശം
- സേവനാവകാശ നിയമം

- ലോക്പാൽ - ലോകായുക്ത
- വിജിലൻസ് കമ്മീഷനുകൾ

4. • ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ-ഗവേണൻസ്.
- ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും ജനങ്ങൾക്ക് ലഭിക്കുന്നതിന് സഹായകമാകുന്നു.
- സർക്കാർ സേവനം കുറഞ്ഞ ചിലവിൽ ലഭ്യമാകുന്നു.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.

5. • കേന്ദ്ര വിവരാവകാശ കമ്മീഷൻ
- മുഖ്യവിവരാവകാശ കമ്മീഷണറും പത്തിൽ കവിയാത്ത അംഗങ്ങളും
- സംസ്ഥാന വിവരാവകാശ കമ്മീഷൻ

6. • സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാകുന്നു.
- കാലതാമസത്തിന് ഉദ്യോഗസ്ഥർ പിഴയടക്കണം
- നിശ്ചിത സമയത്തിനുള്ളിൽ സേവനം ലഭ്യമാകുന്നു.
- എല്ലാ ഓഫീസുകളിലും സേവനാവകാശ കാര്യങ്ങൾക്ക് ഒരു ഉദ്യോഗസ്ഥന്റെ സേവനം

7. • ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ അഴിമതി നടത്തിയൽ ഓംബുഡ്സ്മാനിൽ പരാതി നൽകാം.
- ജനങ്ങൾക്ക് നേരിട്ട് പരാതി നൽകാം
- പരാതികളിൽ അന്വേഷണം നടത്തി നടപടി ശുപാർശ ചെയ്യാൻ അധികാരമുണ്ട്.
- വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.
- ബാങ്കിംഗ് രംഗത്ത് ഇടപാടുകാരുടെ പരാതി കേൾക്കാനും പരിഹരിക്കുവാനും വേണ്ടിയാണ് ആരംഭിച്ചത്.

അധ്യായം 4

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. കുറിച്യ കലാപത്തിന് നേതൃത്വം നൽകിയത് ആര്?
2. ചോർച്ചാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര്?
3. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ചത് എവിടെ?
4. 1905 ൽ ബ്രിട്ടീഷുകാർ ബംഗാളിനെ വിഭജിച്ചതിനെതിരായി ഇന്ത്യയിൽ ആരംഭിച്ച സമര രീതി ഏത് പേരിൽ അറിയപ്പെടുന്നു.

## 2 മാർക്കിന്റെ ചോദ്യങ്ങൾ

5. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപം കൊണ്ടത് എപ്പോൾ? എവിടെവച്ച്?
6. മാപ്പിള കലാപങ്ങളെക്കുറിച്ച് പഠിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് നിയമിച്ച കമ്മീഷൻ ഏത്?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

7. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായ ഘടകങ്ങൾ ഏവ?
8. 1812 ൽ നടന്ന കുറിച്യ കലാപത്തിന്റെ നേതാവ് ആര്? കാരണങ്ങൾ എന്തെല്ലാമായിരുന്നു?
9. ദാദാഭായ് നവറോജിയുടെ ചോർച്ചാ സിദ്ധാന്തം അനുസരിച്ച് ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോരുന്നതാണ് ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കാരണം. ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ ആയിരുന്നു?
10. നീലം കർഷകരുടെ കലാപത്തിന്റെ കാരണങ്ങളും ഫലവും വിശദമാക്കുക.
11. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ കലാപത്തിന് നേതൃത്വം നൽകിയവർ ആരൊക്കെ?

12. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ കലാപത്തിന് നേതൃത്വം നൽകിയവർ ആരൊക്കെ?

## 6 മാർക്കിന്റെ ചോദ്യങ്ങൾ

13. ശാശ്വത ഭൂനികുതി വ്യവസ്ഥ, റയട്ട് വാരി വ്യവസ്ഥ, മഹൽവാരി വ്യവസ്ഥ എന്നിവയുടെ സവിശേഷതകൾ വിശദമാക്കുക.

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. രാമൻ നമ്പി
2. ദാദാഭായ് നവ്റോജി
3. മീററ്റ്
4. സ്വദേശി പ്രസ്ഥാനം

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

5. 1885 ൽ ബോംബെയിൽ വെച്ച്
6. വില്യം ലോഗൻ കമ്മീഷൻ. ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നിയമം.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

7. 
   - ബ്രിട്ടീഷ് യന്ത്രനിർമ്മിത തുണിത്തരങ്ങളുടെ കടന്നുവരവ്
   - വില കുറവായതിനാൽ ബ്രിട്ടീഷ് ഉല്പന്നങ്ങൾ ഇന്ത്യയിൽ എളുപ്പത്തിൽ വിറ്റഴിഞ്ഞു.
   - റെയിൽവേയുടെ വ്യാപനം
   - ഇന്ത്യൻ തുണിത്തരങ്ങളുടെ മേൽ ബ്രിട്ടീഷ് ഗവൺമെന്റ് ചുമത്തിയ ഉയർന്ന നികുതി.
   - ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും
8. 
   - രാമൻ നമ്പി
   - ബ്രിട്ടീഷുകാർ ചുമത്തിയ അമിത നികുതി
   - നികുതി പണമായി നൽകാൻ നിർബന്ധിച്ചത്
   - നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്.
9. 
   - ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
   - ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകിയ ശമ്പളവും പെൻഷനും
   - ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക വഴി അവർക്ക് ലഭിച്ച ലാഭം
   - ഇന്ത്യയിൽ നിന്ന് പിരിച്ചെടുത്ത നികുതി

10. • വ്യവസായ വിപ്ലവത്തെ തുടർന്ന് നീലത്തിന്റെ ആവശ്യം വർദ്ധിച്ചു.

• കർഷകർക്ക് മുൻകൂർ പണം നൽകി നീലം കൃഷി ചെയ്യിച്ചു.

• ഭക്ഷ്യവിളകൾക്ക് പകരം നീലം കൃഷി ചെയ്തു.

• നീലത്തിന് കുറഞ്ഞ വില മാത്രം നൽകി

• കൃത്രിമച്ചായങ്ങളുടെ കണ്ടുപിടുത്തത്തോടെ നീലത്തിന്റെ ആവശ്യം കുറഞ്ഞു. കർഷകർ ദുരിതത്തിലായി. ഇത് കലാപത്തിന് കാരണമായി.

• 1859 ൽ ബംഗാളിലെ കർഷകർ നീലം കൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു.

• ഫാക്ടറികൾ ആക്രമിച്ചു.

• സ്ത്രീകളും കലാപത്തിൽ പങ്കെടുത്തു.

• ബ്രിട്ടീഷ് അനുകൂലികളെ ബഹിഷ്ക്കരിച്ചു.

• കലാപങ്ങൾക്ക് നിരവധി വിദ്യസമ്പന്നർ പിന്തുണ നൽകി.

ഫലം

• കർഷകരുടെ പ്രശ്നം പഠിക്കാൻ കമ്മീഷനെ നിയമിച്ചു.

• ലാഭകരമല്ലാത്തതിനാൽ നീലം കൃഷി അവസാനിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

11. സൈനിക അതൃപ്തി

• ഇന്ത്യൻ സൈനികർക്ക് തുച്ഛമായ ശമ്പളം

• ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട് അവഹേളനം

• എൻഫീൽഡ് തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് ഉപയോഗിക്കുന്നു എന്ന പ്രചരണം.

• മതവികാരം വ്രണപ്പെട്ടത്.

കർഷകരുടെ ദുരിതങ്ങൾ

• ബ്രിട്ടീഷ് നികുതി നയം

• ജന്മി-ബ്രിട്ടീഷ് ചൂഷണം.

• കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

• പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

• രാജാക്കന്മാർ നേരിട്ട പ്രശ്നങ്ങൾ

• രാജാക്കന്മാരുടെ അതൃപ്തി

• ദുർഭരണം ആരോപിച്ച് നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചടക്കിയത്.

• ഭർത്താവവകാശ നിരോധന നയം

12. ഡൽഹി - ബഹദൂർഷാ രണ്ടാമൻ

ഝാൻസി - റാണി ലക്ഷ്മീഭായി

ലക്നൗ - ബീഗം ഹസ്രത്ത് മഹൽ

കാൺപൂർ - നാനാ സാഹിബ്, താന്തിയാ തോപ്പി

ഫൈസാബാദ് - മൗലവി അഹമ്മദുള്ള

## 6 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

13.

| ഭൂനികുതി വ്യവസ്ഥ | നടപ്പാക്കിയ പ്രദേശം | സവിശേഷതകൾ |
|---|---|---|
| ശാശ്വത ഭൂനികുതി വ്യവസ്ഥ | ബംഗാൾ, ബീഹാർ, ഒറീസ പ്രദേശങ്ങൾ | * നികുതി പിരിച്ചെടുത്തത് സമീന്ദാറായിരുന്നു.<br>* ഭൂമിയുടെ ഉടമസ്ഥർ സെമീന്ദാറായിരുന്നു<br>* യഥാർത്ഥ കർഷകർ കുടിയാന്മാരായി മാറി<br>* വിളവിന്റെ 60% വരെ കർഷകർ നികുതിയായി നൽകണമായിരുന്നു.<br>* വിളവ് മോശമായാലും നികുതി നൽകണം<br>* നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണമായിരുന്നു. |
| റയട്ട് വാരി വ്യവസ്ഥ | ദക്ഷിണേന്ത്യൻ പ്രദേശം | * ദക്ഷിണേന്ത്യയിൽ നടപ്പിലാക്കി<br>* കർഷകരിൽ നിന്നും നേരിട്ട് നികുതി പിരിച്ചു.<br>* ഭൂമിയുടെ ഉടമാവകാശം കർഷകർക്ക് ആയിരുന്നു.<br>* നികുതി നിരക്ക് ഇടയ്ക്കിടയ്ക്ക് വർദ്ധിപ്പിച്ചു. |
| മഹൽവാരി വ്യവസ്ഥ | വടക്കുപടിഞ്ഞാറൻ ഇന്ത്യ | * ഗ്രാമത്തലവൻമാർ നികുതി പിരിച്ചു.<br>* അമിത നികുതി നിരക്ക്<br>* ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കിയായിരുന്നു നികുതി പിരിച്ചെടുത്തത്. |

അധ്യായം 5

# സംസ്കാരവും ദേശീയതയും

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. ഇന്ത്യയെ കണ്ടെത്തൽ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
2. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ എന്ന സ്ഥാപനത്തിന്റെ സ്ഥാപകൻ?
3. ബ്രഹ്മസമാജം സ്ഥാപിച്ചതാര്?
4. സ്വാഭിമാന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ?
5. 1878 ൽ പ്രാദേശിക ഭാഷാപത്രനിയമം നടപ്പിലാക്കിയ ഇംഗ്ലീഷുകാരൻ?
6. 'ശരിയായ വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ ഇന്ത്യൻ ജനത എല്ലാവരുടെയും ആദരവിന് പാത്രമാകും' - ഇത് ആരുടെ വാക്കുകളാണ്.
7. വാർദ്ധാവിദ്യാഭ്യാസ പദ്ധതി മുന്നോട്ടുവെച്ച മഹാൻ?
8. ആനന്ദമഠം എന്ന നോവലിന്റെ രചയിതാവ്?
9. നീൽ ദർപ്പൺ എന്ന നാടകം എഴുതിയതാര്?
10. 'ഗോര' ആരുടെ കൃതിയാണ്?
11. 'നിബന്ധമാല' എന്ന കൃതിയുടെ കർത്താവ്?
12. സതി, ഗ്രാമീണചെണ്ടക്കാരൻ തുടങ്ങിയ ചിത്രങ്ങൾ വരച്ചതാര്?
13. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചതാര്?

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. 1835 ൽ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കുമ്പോൾ ഇംഗ്ലീഷുകാരുടെ ലക്ഷ്യം എന്തൊക്കെയായിരുന്നു?
2. ഇന്ത്യയിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രധാനപ്പെട്ട രണ്ട് ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കാൻ സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ ഏവ?
2. സാമൂഹ്യപരിഷ്കരണരംഗത്ത് രാജാറാം മോഹൻ റായ് വഹിച്ച പങ്കെന്ത്?
3. ഇന്ത്യയിൽ നിലനിന്നിരുന്ന നിരവധി അനാചാരങ്ങൾ ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ചു. അവ ഏതെല്ലാം?
4. ഇന്ത്യൻ ജനതയെ അവർ അനുഭവിക്കുന്ന ചൂഷണത്തെയും അവകാശ നിഷേധങ്ങളെയും കുറിച്ച് ബോധവാന്മാരാക്കുന്നതിൽ പത്രങ്ങൾ വഹിച്ച പങ്കെന്ത്?
5. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് വിദ്യാഭ്യാസ രംഗത്തെ പുരോഗതി സഹായകമായതെങ്ങനെ?
6. വിവിധ ഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികൾ ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വഴിതെളിച്ചതെങ്ങനെ?
7. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിൽ ചിത്രകാരന്മാരും നിർണ്ണായകമായ പങ്കുവഹിച്ചു - സമർത്ഥിക്കുക.
8. 'എ' കോളത്തിന് യോജിച്ചവ 'ബി' കോളത്തിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| എ | ബി |
|---|---|
| ശാരദാസദൻ | ജോതിബാഫുലെ |
| സത്യശോധക് സമാജം | ആനിബസന്റ് |
| രാമകൃഷ്ണമിഷൻ | പണ്ഡിത് രമാബായി |
| തിയോസഫിക്കൽ സൊസൈറ്റി | സ്വാമി വിവേകാനന്ദൻ |

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ജവഹർലാൽ നെഹ്രു
2. വില്യം ജോൺസ്
3. രാജാറാം മോഹൻറായ്
4. ഇ.വി. രാമസ്വാമി നായ്ക്കർ
5. ലിട്ടൻ പ്രഭു
6. രാജാറാം മോഹൻറായ്
7. മഹാത്മാഗാന്ധി
8. ബങ്കിംചന്ദ്ര ചാറ്റർജി
9. ദിനബന്ധുമിത്ര
10. രവീന്ദ്രനാഥ ടാഗോർ
11. വിഷ്ണുകൃഷ്ണ ചിപ്ലുങ്കർ
12. നന്ദലാൽ ബോസ്
13. അബനീന്ദ്രനാഥ ടാഗോർ

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • ഇംഗ്ലീഷുകാരുടെ ജീവിത രീതികളോട് താല്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക.
   • ഇംഗ്ലീഷുകാർക്കാവശ്യമായ ഗുമസ്ഥരെ സൃഷ്ടിക്കുക.
2. • ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.
   • എല്ലാ മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴി നടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • ജാതിവ്യവസ്ഥ നിർമ്മാർജ്ജനം ചെയ്യുക.
   • എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
   • സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.
   • എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
2. • ജാതിവ്യവസ്ഥയെയും സതി എന്ന ദുരാചാരത്തെയും എതിർത്തു.
   • ബ്രഹ്മസമാജം എന്ന സംഘടന സ്ഥാപിച്ചു.
   • വിവിധ ജാതികളായി വിഭജിക്കപ്പെട്ട അന്നത്തെ ഇന്ത്യൻ സമൂഹത്തിന്റെ സ്ഥാനത്ത് ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിച്ചു.
   • സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിന്മേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു.
3. • പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.
   • പെൺ ശിശുഹത്യ നിരോധിച്ചു.
   • സതി നിരോധിച്ചു.
   • വിധവ പുനർവിവാഹം നടപ്പിലാക്കി
   • ശൈശവ വിവാഹവും ബഹുഭാര്യാത്വവും നിരോധിച്ചു.
4. • ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും മർദ്ദകഭരണത്തെയും കൂട്ടക്കൊലയെയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.
   • ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി നടക്കുന്ന സാമൂഹ്യപരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
   • ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്കെതിരായും പ്രതിഷേധിക്കാനും പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു.
   • ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെ കുറിച്ച് വിവരണം നൽകി.
5. • ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നതായിരുന്നു ദേശീയബോധം വളർത്താനുള്ള ഒരു മാർഗ്ഗം.
   • 1884 ൽ ജി.ജി. അഗാർക്കറുടെ നേതൃത്വത്തിൽ പൂനയിൽ സ്ഥാപിതമായ ഡക്കാൻ എഡ്യുക്കേഷൻ സൊസൈറ്റി ദേശീയ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചു.

- സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി 1916 ൽ ഡി.കെ. കാർവെ മഹാരാഷ്ട്രയിൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവ്വകലാശാല സ്ഥാപിച്ചു.
- രവീന്ദ്രനാഥ ടാഗോർ ബംഗാളിൽ സ്ഥാപിച്ച വിശ്വഭാരതി സർവ്വകലാശാല അന്തർദേശീയ സാഹോദര്യത്തിന് ഊന്നൽ നൽകി.
- മതേതര വിദ്യാഭ്യാസം ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തും എന്ന കാഴ്ചപ്പാടോടെ അലിഗഡിൽ സ്ഥാപിതമായ വിദ്യാഭ്യാസ സ്ഥാപനമാണ് ജാമിഅ മില്ലിയ ഇസ്ലാമിയ.
- മഹാത്മാഗാന്ധി മുന്നോട്ടുവെച്ച വാർദ്ധാവിദ്യാഭ്യാസ പദ്ധതി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യം വച്ചു.

6.
- ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന ജീർണ്ണതകൾക്കും ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തിനുമെതിരായ പ്രതിഷേധം സാഹിത്യത്തിലും പ്രതിഫലിച്ചു.
- കവിതകൾ, കഥകൾ, നാടകങ്ങൾ, നോവലുകൾ തുടങ്ങിയവയിലൂടെ എഴുത്തുകാർ തങ്ങളുടെ പ്രതിഷേധം ജനങ്ങളുമായി പങ്കുവച്ചു.
- ശിശിർകുമാർ ഘോഷ്, സത്യേന്ദ്രനാഥ് ടാഗോർ തുടങ്ങിയവയുടെ നേതൃത്വത്തിൽ അവതരിപ്പിച്ച നാടകത്തിലൂടെ ഭാരത്മാതാ എന്ന സങ്കൽപ്പം മുന്നോട്ടുവച്ചു.
- ബങ്കിംചന്ദ്ര ചാറ്റർജി ആനന്ദമഠം എന്ന തന്റെ നോവലിലൂടെയും വന്ദേമാതരം എന്ന ഗാനത്തിലൂടെയും ഇന്ത്യയിലെ സാധാരണക്കാരുടെയും കർഷകരുടെയും അവസ്ഥ വരച്ചുകാട്ടി.
- ദിനബന്ധുമിത്ര രചിച്ച നീൽദർപ്പൺ നീലം കർഷകർ അനുഭവിക്കുന്ന കൊടിയ ചൂഷണത്തെ ഹൃദയഹാരിയായി ചിത്രീകരിച്ചു.
- 'സാരേ ജഹാംസെ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ' എന്ന ഗാനം രചിച്ച മുഹമ്മദ് ഇക്ബാൽ തന്റെ കവിതകളിലൂടെ ഇന്ത്യയുടെ പ്രകൃതി ഭംഗിയെയും ജനങ്ങളുടെ ഐക്യത്തേയും പാടിപുകഴ്ത്തി.
- ഇന്ത്യ എന്ന ഏകരാഷ്ട്രത്തെക്കുറിച്ചുള്ള ബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ വിവിധ ഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികൾ കാരണമായി.

7.
- അബനീന്ദ്രനാഥ ടാഗോർ ഇന്ത്യയിലെ ജനങ്ങൾക്ക് ആഹാരം, വസ്ത്രം, വിജ്ഞാനം എന്നിവ നൽകുന്ന ഭാരത് മാതാവിനെ ചിത്രീകരിച്ചു. ഇത് ഇന്ത്യക്കാരിൽ ദേശസ്നേഹം വളർത്തി.
- രാജാരവിവർമ്മ ഇന്ത്യൻ പുരാണങ്ങളിലെയും സാഹിത്യകൃതികളിലെയും വിവിധ സന്ദർഭങ്ങൾ ചിത്രീകരിച്ചു.

- നന്ദലാൽ ബോസിന്റെ സതി എന്ന ചിത്രം, സതി എന്ന ദുരാചാരങ്ങൾക്കെതിരായ മനോഭാവം ഇന്ത്യക്കാരിൽ വളർത്താൻ കാരണമായി.
- അദ്ദേഹത്തിന്റെ ഗ്രാമീണ ചെണ്ടക്കാരൻ എന്ന ചിത്രം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പോസ്റ്ററിനുള്ള ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടു.
- ഇന്ത്യയുടെ ഗ്രാമങ്ങിലെ ജീവിതദുരിതങ്ങളെ അമൃതാഷേർഗിൽ ചിത്രീകരിച്ചു.

  ഇത്തരം ചിത്രങ്ങൾ ഇന്ത്യക്കാരുടെ മനസ്സിൽ ഒരൊറ്റ ഇന്ത്യ എന്ന വികാരമുണ്ടാക്കി.

8.

| എ | ബി |
|---|---|
| ശാരദാസദൻ | പണ്ഡിത രമാബായി |
| സത്യശോധക സമാജം | ജോതിബാഫുലെ |
| രാമകൃഷ്ണ മിഷൻ | സ്വാമി വിവേകാനന്ദൻ |
| തിയോസഫിക്കൽ സൊസൈറ്റി | ആനിബസന്റ് |

അധ്യായം 6

# സമരവും സ്വാതന്ത്ര്യവും

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. പൗരാവകാശ നിഷേധ നിയമത്തിന് എതിരെ നടത്തിയ സമരമായിരുന്നു ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണമായത്. ഏതായിരുന്നു ആ നിയമം?
2. ഇന്ത്യയിൽ ഭരണഘടനാ പരിഷ്ക്കാരം നടപ്പലാക്കണെന്ന് ആവശ്യപ്പെട്ട് നടത്തിയ സമരം ഏതായിരുന്നു?
3. ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നടത്തിയ അവസാന ദേശീയ സമരം ഏതായിരുന്നു?
4. അഖിലേന്ത്യാ കിസാൻസഭ രൂപീകരിക്കുന്നതിന് നേതൃത്വം കൊടുത്തത് ആര്?
5. ധരാസന സത്യാഗ്രഹത്തിന് നേതൃത്വം കൊടുത്ത വ്യക്തി ആര്?

## 2 മാർക്കിന്റെ ചോദ്യങ്ങൾ

6. ജാലിയൻവാലാബാഗ് സംഭവത്തോട് ഗാന്ധിജി പ്രതികരിച്ചത് എങ്ങനെ?
7. നിസ്സഹകരണ പ്രസ്ഥാന കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട ദേശീയ വിദ്യാലയങ്ങൾ ഏവ?
8. ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെയും നിസഹകരണ പ്രസ്ഥാനത്തെയും ഒന്നിച്ച് നിർത്തിയതിന്റെ ലക്ഷ്യം എന്തായിരുന്നു?
9. നിസ്സഹകര പ്രസ്ഥാനം നിർത്തിവെക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യം എന്തായിരുന്നു?
10. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ചത് ഏത് സമ്മേളനത്തിൽ ആണ്? ഈ സമ്മേളനത്തിൽ അധ്യക്ഷം വഹിച്ചത് ആര്?
11. 1929 ലെ ലാഹോർ കോൺഗ്രസ്സ് സമ്മേളനത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു?

12. 1930 ൽ ആരംഭിച്ച സിവിൽ നിയമലംഘന സമരത്തിന് ഗാന്ധിജി ഉപ്പ് ഒരു സമരായുധമായി തിരഞ്ഞെടുക്കുവാൻ കാരണമെന്ത്?

13. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ എന്തെല്ലാം?

14. ഗാന്ധിജിയുടെ ബഹിഷ്ക്കരണ സമരരീതിയെ എതിർത്ത് സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു എന്നിവർ ചേർന്ന് 1923 ൽ രൂപീകരിച്ച പാർട്ടി ഏത്? അതിന്റെ പരിവർത്തന രീതി വ്യക്തമാക്കുക?

15. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനകത്ത് സോഷ്യലിസ്റ്റ് ആശയങ്ങൾ വെച്ച് പുലർത്തിയ നേതാക്കൾ ആരെല്ലാം?

16. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് നേതൃത്വം കൊടുത്ത വ്യക്തി ആര്? ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പങ്ക് വ്യക്തമാക്കുക.

17. ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ നയങ്ങളെയും ഫ്യൂഡൽ വ്യവസ്ഥയെയും എതിർത്തുകൊണ്ട് തൊഴിലാളികളും കർഷകരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ സമരങ്ങൾ പട്ടികപ്പെടുത്തുക.

18. അഖിലേന്ത്യാ ട്രേഡ് യൂണിയൻ രൂപീകരിക്കുവാൻ നേതൃപരമായ പങ്ക് വഹിച്ച നേതാക്കൾ ആരെല്ലാം?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

19. ഗാന്ധിജിക്ക് വളരെ പെട്ടെന്ന് തന്നെ സാധാരണക്കാരുടെ വിശ്വാസവും, അംഗീകാരവും നേടാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ എന്തെല്ലാം?

20. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ, സവിശേഷതകൾ, സമരകാരണങ്ങൾ എന്നിവ പട്ടികപ്പെടുത്തുക.

21. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാം?

22. ജാലിയൻവാലാബാഗ് സംഭവത്തിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുക?

23. ഇന്ത്യയിലെ ജനങ്ങൾ ഗാന്ധിജിയുടെ നിസ്സഹകരണ സമരം ആഹ്വാനം സ്വീകരിച്ചതിന് ഉദാഹരണങ്ങൾ ഏവ?

24. നിസ്സഹകരണ പ്രസ്ഥാനത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി. വിശദമാക്കുക.

25. സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ഏവ?

26. നിയമലംഘന സമരകാലഘട്ടത്തിൽ ഗാന്ധിജിയുടെ ആഹ്വാനം ഏറ്റെടുത്ത ജനങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ സമര പ്രവർത്തനങ്ങൾ ഏവ?

27. ഉപ്പ് സത്യാഗ്രഹത്തിലൂടെ ഗാന്ധിജി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം?

28. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം?

29. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ്ചന്ദ്രബോസിന്റെ പങ്ക് വിശദമാക്കുക?

30. റഷ്യൻ വിപ്ലവത്തിന് ശേഷം ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളിപ്രസ്ഥാനങ്ങൾ ഏവ? അവയുടെ പ്രധാന ലക്ഷ്യങ്ങൾ ഏവ?

31. ഇന്ത്യയിൽ കർഷക പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക.

32. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുന്നതിന് ബ്രിട്ടനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

33. മൗണ്ട്ബാറ്റൺ പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം?

## 6 മാർക്കിന്റെ ചോദ്യങ്ങൾ

34. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നടത്തിയ ആദ്യ ദേശീയ പ്രക്ഷോഭമാണ് നിസ്സഹകരണ പ്രസ്ഥാനം. ഇതിന്റെ സവിശേഷതകൾ എന്തെല്ലാം?

35. ഗാന്ധിയൻ സമരരീതിയിൽ നിന്നും വ്യത്യസ്തമായ പ്രസ്ഥാനങ്ങളും വ്യക്തികളും ഇന്ത്യയുടെ ദേശീയ സമരത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. അവ ഏതൊക്കെയെന്നും അവയുടെ പ്രവർത്തനങ്ങളും പട്ടികപ്പെടുത്തുക.

36. കിസാൻ മാനിഫെസ്റ്റോയ്ക്ക് രൂപം നൽകിയത് ആര്? ഇതിൽ ഉൾപ്പെടുത്തിയ പ്രധാന ആവശ്യങ്ങൾ എന്തെല്ലാം?

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. റൗലറ്റ് നിയമം 1919
2. ക്വിറ്റ് ഇന്ത്യാ സമരം
3. ക്വിറ്റ് ഇന്ത്യാ സമരം
4. എൻ.ജി. രംഗ
5. സരോജിനി നായിഡു

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

6. പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറ ഇളക്കി.
7. 
   - കാശി വിദ്യാപീഠം
   - ഗുജറാത്ത് വിദ്യാപീഠം
   - ജാമിയ മില്ലിയ ഇസ്ലാമിയ
8. 
   - ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ എല്ലായിടത്തും എത്തിക്കുക.
   - ഹിന്ദു-മുസ്ലീം ഐക്യം ശക്തിപ്പെടുത്തുക.
9. ചൗരിചൗരാ സംഭവം

   ഉത്തർപ്രദേശത്തിലെ ചൗരിചൗരാ ഗ്രാമത്തിൽ ജനങ്ങൾക്ക് നേരെ പോലീസ് വെടിവെച്ചതിൽ പ്രതിഷേധിച്ച് ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും 22 പോലീസുകാർ കൊല്ലപ്പെട്ട സംഭവം. ഇത് ഗാന്ധിജിയുടെ അഹിംസാത്മക സമരരീതിയിൽ നിന്നും വ്യത്യസ്തമായത് കൊണ്ടാണ് നിസഹകരണ സമരം പിൻവലിച്ചത്.
10. 1929 ലാഹോർ സമ്മേളനം

11. • ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം 'പൂർണ്ണസ്വരാജ്' ആണെന്ന് പ്രഖ്യാപിച്ചു.

• ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘന സമരം ആരംഭിക്കുവാൻ തീരുമാനിച്ചു.

12. • ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിന്റെ 2/5 ഭാഗവും ഉപ്പിന്റെ മേൽ ചുമത്തിയ നികുതിയായിരുന്നു.

• ഉപ്പിന്റെ വില 3 മടങ്ങ് വർദ്ധിപ്പിച്ചു.

• ദരിദ്രർക്ക് ഈ നികുതിഭാരം താങ്ങുവാൻ സാധിച്ചില്ല.

• തദ്ദേശീയർക്ക് ഉപ്പ് ഉണ്ടാക്കുവാൻ അവകാശമില്ല

• എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമായതിനാൽ എല്ലാ ജനങ്ങളുടെയും പിന്തുണ സമരത്തിന് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു.

13. • ഇന്ത്യൻ ഭരണഘടനാപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം

• വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ.

14. സ്വരാജ് പാർട്ടി

നിയമനിർമ്മാണ സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും, നിയമസഭ പോരാട്ട വേദിയായി മാറ്റുകയും ചെയ്യുക.

15. ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ്, ജയപ്രകാശ് നാരായണൻ, അരുണ ആസഫലി.

16. ജയപ്രകാശ് നാരായണൻ

ക്വിറ്റ് ഇന്ത്യ സമരകാലത്ത് ഗാന്ധിജി അടക്കമുള്ള കോൺഗ്രസ്സിന്റെ മുൻനിര നേതാക്കൾ എല്ലാം അറസ്റ്റിലായപ്പോൾ ഒളിവിൽ നിന്നുകൊണ്ട് സമരത്തെ നയിച്ചത് ജയപ്രകാശ് നാരായണൻ, അരുണ ആസഫ് അലി തുടങ്ങിയ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാക്കൾ ആണ്.

17. തേഭാഗ സമരം - ബംഗാൾ

തെലുങ്കാന സമരം - ആന്ധ്രപ്രദേശ്

നാവിക കലാപം - ബോംബെ

18. എൻ.എം. ജോഷി

ലാലാ ലജ്പത് റായ്

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

19. • ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ
    • ലളിതമായ ജീവിതം
    • സാധാരണക്കാരുടെ ഭാഷയിൽ സംസാരിച്ചത്
    • അഹിംസയിൽ അധിഷ്ഠിതമായ സമരരീതി
    • തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്ന രക്ഷകനായി ജനങ്ങൾ അദ്ദേഹത്തെ വിലയിരുത്തിയത്.

20.

| | | | |
|---|---|---|---|
| ചമ്പാരൻ (ബീഹാർ) | 1917 | നിലം കർഷകരുടെ പ്രശ്നങ്ങൾ | * നിയമലംഘന സമരം<br>* ഉപവാസം<br>* സഹനസമരം<br>* സത്യാഗ്രഹം |
| അഹമ്മദാബാദ് (ഗുജറാത്ത്) | 1918 | തുണിമിൽ തൊഴിലാളികളുടെ ബോണസ് നിർത്ത ലാക്കിയതിന് എതിരെ | * സഹനസമരം<br>* ഉപവാസ സത്യാഗ്രഹം |
| ഖേഡ (ഗുജറാത്ത്) | 1918 | കർഷകരുടെ നികുതി വർദ്ധനയ്ക്ക് എതിരെ | * സഹന സമരം<br>* ഉപവാസ സത്യാഗ്രഹം |

21. • ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണ ജനങ്ങളിൽ എത്തി.
    • ദേശീയ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ ഗ്രാമങ്ങളിൽ എത്തി.
    • ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാർ ആകർഷിക്കപ്പെട്ടു.
    • എല്ലാവർക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി.

22. പൗരാവകാശങ്ങൾ നിയന്ത്രിച്ച റൗലറ്റ് നിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗാന്ധിജി സത്യാഗ്രഹ സമരത്തിന് ആഹ്വാനം ചെയ്തു. ഇതിന്റെ ഫലമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങളും പണിമുടക്കുകളും ആരംഭിച്ചു. റൗലറ്റ് വിരുദ്ധഅധ

സമരങ്ങൾക്ക് പഞ്ചാബിൽ നേതൃത്വം നൽകിയ സെയ്ഫുദ്ധീൻ കിച്ച്ലു, സത്യപാൽ എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് 1919 ഏപ്രിൽ 13 ന് ജനങ്ങൾ അമൃത്സറിലെ ജാലിയൻവാലാബാഗ് മൈതാനത്ത് ഒത്തുകൂടി. ഈ ജനങ്ങൾക്ക് നേരെ പട്ടാള മേധാവിയായ ജനറൽ ഡയർ വെടിവെക്കുകയും 379 പേർ മരിക്കുകയും ചെയ്ത സംഭവമാണ് ജാലിയൻ വാലാബാഗ് സംഭവം.

23.
- അവധിലെ.... കർഷകർ നികുതി കൊടുക്കുവാൻ വിസമ്മതിച്ചു.
- വടക്കൻ ആന്ധ്രയിലെ ഗിരിവർഗ്ഗക്കാർ വനനിയമം ലംഘിച്ചു.
- തൊഴിലാളികൾ പണിമുടക്കി
- സ്ത്രീകൾ വിദേശവസ്ത്രങ്ങൾ പൊതുനിരത്തിൽ കൂട്ടിയിട്ട് കത്തിച്ചു.
- വക്കീലന്മാർ കോടതി ബഹിഷ്കരിച്ചു.

24.
- ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു.
- ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.
- ഹിന്ദി പ്രചരിപ്പിച്ചു.
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടന്നു.
- ഖാദി വസ്ത്രങ്ങൾ പ്രചരിപ്പിച്ചു.

25.
- ഉപ്പ് നികുതി എടുത്തുകളയുക
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക
- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കു
- ഉദ്യോഗസ്ഥരുടെ ശമ്പളം വെട്ടിക്കുറയ്ക്കുക
- ഇറക്കുമതി തീരുവ കുറയ്ക്കുക

26. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പുകുറുക്കി ജനങ്ങൾ നിയമലംഘനത്തിൽ പങ്കാളികളായി. കേരളത്തിൽ പയ്യന്നൂർ, തമിഴനാട്ടിൽ വേദാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ നവഖാലി, വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രദേശം തുടങ്ങിയവ നിയമലംഘന സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ ആയി.

സമരവളണ്ടിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.

ദേശീയ പതാക ഉയർത്തി

ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ചു.

27. • ജനങ്ങളുടെ വൻതോതിലുള്ള പിന്തുണ നേടാൻ സാധിച്ചു.
- നിസാരമെന്ന് തോന്നുന്ന ജനകീയ പ്രശ്നങ്ങളെപ്പോലും ശക്തമായ സമരായുധമാക്കുവാൻ സാധിക്കും എന്ന് തെളിയിച്ചു.
- ബ്രിട്ടീഷ് സർക്കാരിന്റെ ചൂഷണം ഏറ്റവും ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തി.

28. • നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- കർഷകർ ഭൂനികുതി കൊടുക്കരുത്.
- സർക്കാർ ജീവനക്കാർ രാജിവെക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.

29. • ഫോർവേഡ് ബ്ലോക്ക് എന്ന സംഘടന രൂപീകരിച്ചു.
- INA യുടെ നേതൃത്വം ഏറ്റെടുത്തു.
- സിംഗപ്പൂരിൽ വെച്ച് താല്കാലിക ഗവൺമെന്റ് രൂപീകരിച്ചു.
- ജപ്പാന്റെ സഹായത്തോടെ ബ്രിട്ടനെ തോല്പിക്കുവാൻ ശ്രമിച്ചു.
- ഇംഫാലിൽ ദേശീയ പതാക ഉയർത്തി

30. • അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ
- മദ്രാസ് ലേബർ യൂണിയൻ
- അഖിലേന്ത്യാ ട്രേഡ് യൂണിൻ

**ലക്ഷ്യങ്ങൾ**

- ഇന്ത്യൻ തൊഴിലാളിവർഗ്ഗം രാജ്യത്തിന് പുറത്തുള്ള തൊഴിലാളി വർഗ്ഗവുമായി ചേർന്ന് പ്രവർത്തിക്കുക.
- തൊഴിലാളിവർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
- സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്ക് വഹിക്കുക.

31. • ബ്രിട്ടീഷുകാരുടെ നികുതി നയം

- സെമീന്ദാർമാരുടെ ചൂഷണം
- കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉണ്ടായ വിലയിടിവ്
- സംഘടിത സമരത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞത്

32. • രണ്ടാംലോക മഹായുദ്ധം ലോകത്താകമാനം സാമ്രാജ്യത്വ ശക്തികൾക്കുണ്ടായ തകർച്ച.

- ബ്രിട്ടൻ സാമ്പത്തികമായി ദുർബലമായത്.
- ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടത്.
- സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും കോളനിവാഴ്ചയ്ക്കെതിരെയുള്ള നിലപാട്.
- ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിലുള്ള ലേബർ പാർട്ടി ഗവൺമെന്റ് ബ്രിട്ടനിൽ അധികാരത്തിൽ വന്നത്.

33. • മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.

- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.
- വടക്ക് പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണോ വേണ്ടയോ എന്ന് ഹിത പരിശോധനയിലൂടെ തീരുമാനിക്കേണ്ടതാണ്.
- പഞ്ചാബിന്റെയും ബംഗാളിന്റെയും അതിർത്തി നിർണ്ണയിക്കുവാൻ കമ്മീഷനെ നിയമിക്കേണ്ടതാണ്.

## 6 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

34. **നിസ്സഹകരണ സമരം**

സവിശേഷത

- നികുതി നൽകാതിരിക്കുക
- വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക

- തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
- വക്കീലന്മാർ കോടതി ബഹിഷ്കരിക്കുക.
- ബഹിഷ്കരണത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുക.
- ഖിലാഫത്ത് പ്രസ്ഥാനവുമായി സഹകരിക്കുക.

ഫലങ്ങൾ

- വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കപ്പെട്ടു.
- ഖാദി വസ്ത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങി
- ദേശീയ വിദ്യാലയങ്ങൾ ഉയർന്നുവന്നു.
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ സജീവമായി.
- ഹിന്ദിഭാഷ പ്രചരിച്ചു.
- ഹിന്ദു-മുസ്ലിം ഐക്യം ശക്തിപ്പെട്ടു.

35. സ്വരാജ് പാർട്ടി

മോത്തിലാൽ നെഹ്റു, സി.ആർ. ദാസ്

- നിയമനിർമ്മാണ സഭ പോരാട്ടവേദിയായി മാറ്റുക.

ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക് അസോസിയേഷൻ (റിപ്പബ്ലിക്കൻ ആർമി)

ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ്

- കോളനിഭരണം അട്ടിമറിക്കുക
- സായുധ വിപ്ലവം സംഘടിപ്പിക്കുക.

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി

ജയപ്രകാശ് നാരായണൻ

ഫോർവേഡ് ബ്ലോക്ക്

സുഭാഷ് ചന്ദ്രബോസ്

- ജപ്പാന്റെ സഹായത്തോടെ ബ്രിട്ടനെ തോൽപ്പിക്കുക.
- INA യ്ക്ക് നേതൃത്വം നൽകി.

അനുശീലൻ സമിതി

ബരീന്ദർ കുമാർ ഘോഷ്, പുളിൻ

ബിഹാരി ദാസ്

സായുധ വിപ്ലവം

ഗദ്ദർ പാർട്ടി

ലാൽ ഹർദയാൽ

- ഇന്ത്യൻ സ്വാതന്ത്ര്യസമര സന്ദേശം വിദേശകാര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളിലും എത്തിക്കുക.

36. ബോംബെയിലെ അഖിലേന്ത്യ കിസാൻ സമിതിയാണ് കിസാൻ മാനിഫെസ്റ്റോയ്ക്ക് രൂപം നൽകിയത്.

- ഭൂനികുതിയും പാട്ടവും 50% കുറയ്ക്കുക.
- കടങ്ങൾ മരവിപ്പിക്കുക.
- ഫ്യൂഡൽ നികുതി റദ്ദാക്കുക
- കർഷക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പിക്കുക.
- കർഷക യൂണിയനുകളെ അംഗീകരിക്കുക.

അധ്യായം 7

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. ഫ്രാൻസിന്റെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം
2. 1961 ൽ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട പോർട്ടുഗൽ അധിനിവേശ പ്രദേശങ്ങൾ?
3. ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയുടെ അധ്യക്ഷൻ?
4. ഭരണഘടന ഡ്രാഫ്റ്റിങ് കമ്മിറ്റിയുടെ ചെയർമാൻ?
5. തെലുങ്ക് സംസാരിക്കുന്നവർക്കായി സംസ്ഥാന രൂപീകരിക്കണം എന്ന ആവശ്യവുമായി നിരാഹാര സമരം നടത്തിയ സ്വാതന്ത്ര്യസമരസേനാനി?
6. തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രപ്രദേശ് സംസ്ഥാനം രൂപീകരിച്ച വർഷം?
7. സംസ്ഥാന പുനസ്സംഘടന കമ്മീഷന്റെ അധ്യക്ഷൻ?
8. സംസ്ഥാന പുനസ്സംഘടന നിയമം പാർലമെന്റ് പാസ്സാക്കിയ വർഷം?
9. 1950 ൽ നിലവിൽ വന്ന ആസൂത്രണ കമ്മീഷന്റെ അധ്യക്ഷൻ?
10. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതി?
11. ദേശീയതലത്തിൽ 55 പദ്ധതികൾക്ക് തുടക്കം കുറിച്ചതെന്നാണ്?
12. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം?
13. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വ ദൗത്യത്തിന്റെ പേര്?
14. ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ് - ഇത് ആരുടെ വാക്കുകളാണ്?
15. വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റി നിർദ്ദേശം നൽകിയ വിദ്യാഭ്യാസ കമ്മീഷൻ?
16. ഇന്ത്യയിൽ വിദ്യാഭ്യാസം മൗലികാവകാശമാക്കി നിയമം പാസ്സാക്കിയ വർഷം?
17. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി?

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. പഞ്ചശീല തത്വങ്ങളിൽ ഒപ്പുവെച്ച പ്രധാനമന്ത്രിമാർ ആരൊക്കെയാണ്?
2. ഡോ. രാധാകൃഷ്ണൻ കമ്മീഷന്റെ ശുപാർശകൾ എഴുതുക?
3. ഡോ. ഡി.എസ്. കൊത്താരി കമ്മീഷന്റെ ശുപാർശകൾ എഴുതുക.
4. സംസ്ഥാന പുനസ്സംഘടന കമ്മീഷനിലെ അംഗങ്ങളുടെ പേരുകൾ എഴുതുക.
5. ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ?
6. ലയനക്കരാർ എന്നാലെന്ത്?
7. ലയനക്കരാർ തയ്യാറാക്കിയത് ആരൊക്കെ ചേർന്നാണ്?
8. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും പ്രധാന വെല്ലുവിളി ഏതൊക്കെയായിരുന്നു?

## 3 മാർക്കിന്റെ ചോദ്യങ്ങൾ

1. ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷന്റെ ശുപാർശകൾ എഴുതുക.
2. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ എഴുതുക.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ എഴുതുക.
2. പഞ്ചശീല തത്വങ്ങളിലെ പ്രധാന വ്യവസ്ഥകൾ ഏതെല്ലാം?

## 6 മാർക്കിന്റെ ചോദ്യങ്ങൾ

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ - ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഈ പ്രസ്താവന സാധൂകരിക്കുക.
2. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ബഹിരാകാശ രംഗത്തുണ്ടായ പുരോഗതി വിശദീകരിക്കുക.

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. 1954
2. ഗോവ, ദാമൻ, ദിയു
3. ഡോ. രാജേന്ദ്ര പ്രസാദ്
4. ഡോ. ബി.ആർ. അംബേദ്കർ
5. പോറ്റി ശ്രീരാമലു (പോട്ടി ശ്രീരാമലു)
6. 1953
7. ഫസൽ അലി
8. 1956
9. ജവഹർലാൽ നെഹ്രു
10. ഭക്രാനംഗൽ പദ്ധതി
11. 1952 ഒക്ടോബർ 2
12. തുമ്പ
13. മംഗൾയാൻ
14. ഡോ. ഡി.എസ്. കൊത്താരി
15. ഡോ. ഡി.എസ്. കൊത്താരി
16. 2009
17. ജവഹർലാൽ നെഹ്രു

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ജവഹർലാൽ നെഹ്രു

   ചൗ എൻ ലായ്

2. • തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.

- സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക
- യു.ജി.സി. രൂപീകരിക്കണം

3. • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.
   - മൂല്യ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം
   - സെക്കന്ററി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.
4. ഫസൽ അലി, എച്ച്.എൻ. കുൺസ്രു, കെ.എം. പണിക്കർ
5. ഹൈദരാബാദ്, കാശ്മീർ, ജുനഗഡ്
6. • നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് തയ്യാറാക്കിയ കരാർ.
   - പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.
7. സർദ്ദാർ വല്ലഭായി പട്ടേൽ, വി.പി. മേനോൻ
8. അഭയാർത്ഥിപ്രവാഹം, ഇന്ത്യ വിഭജനം

## 3 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം
   - സെക്കന്ററി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം
   - അധ്യാപക പരിശീലന സമിതി രൂപീകരിക്കണം
2. • പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.
   - പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം.
   - ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.
   - പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. • സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
   - വംശീയവാദത്തോടുള്ള വിദ്വേഷം
   - ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം

- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്വങ്ങൾ
- ചേരിചേരായ്മ

2.
- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
- പരസ്പരം അക്രമിക്കാതിരിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.

## 6 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1.
- ശാസ്ത്ര–വ്യാവസായിക ഗവേഷണ സമിതി നിലവിൽ വന്നു.
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി നിലവിൽ വന്നു.
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി നിലവിൽ വന്നു.
- നേതൃത്വം നൽകിയത് ഹോമിജഹാംഗീർ ഭാഭയും എസ്.എൻ. ഭട്ട് നഗറുമായിരുന്നു.
- അഞ്ച് IIT കൾ സ്ഥാപിക്കുകയുണ്ടായി.
- മെഡിക്കൽ വിദ്യാഭ്യാസം, ജനിതകശാസ്ത്രം, ജൈവസാങ്കേതിക വിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്രഗവേഷണം, വിവരസാങ്കേതിക വിദ്യ എന്നീ മേഖലകളിൽ നേട്ടം കൈവരിച്ചു.

2.
- 1962 ൽ ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകൃതമായി.
- 1969 ൽ ISRO രൂപീകൃതമായി.
- ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം തുമ്പയിൽ ആരംഭിച്ചു.
- 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.
- ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏജൻസികൾ വികസിപ്പിച്ചു.
- അഗ്നി, പൃഥി തുടങ്ങിയ മിസൈലുകൾ വികസിപ്പിച്ചെടുത്തു.
- ചാന്ദ്രയാൻ ദൗത്യത്തിന് 2008 ൽ തുടക്കം കുറിച്ചു.
- ഭൂമിയിൽ നിന്നും ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമ്മിത പേടകം.
- മംഗൾയാൻ എന്ന ചൊവ്വ ദൗത്യത്തിന് തുടക്കമിട്ടു.

അധ്യായം 8

# കേരളം ആധുനികതയിലേക്ക്

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത്?

2. കുളച്ചൽ യുദ്ധം നടന്ന വർഷം?

   എ) 1792 ബി) 1757 സി) 17141 ഡി) 1615

3. കുണ്ടറ വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി?

   എ) പഴശ്ശിരാജ ബി) പാലിയത്തച്ചൻ

   സി) വേലുത്തമ്പി ദളവ ഡി) മാർത്താണ്ഡവർമ്മ

4. മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം ഏത്?

5. തിരുവിതാംകൂറിൽ 1817 ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി?

   എ) വേലുത്തമ്പി ദളവ ബി) മാർത്താണ്ഡവർമ്മ

   സി) ഗൗരി പാർവതി ഭായി ഡി) സ്വാതി തിരുനാൾ

6. മലയാളി മെമ്മോറിയലിന് നേതൃത്വം നൽകിയത് ആര്?

7. 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

8. കേരളത്തിൽ ആദ്യമായി രൂപംകൊണ്ട സ്വകാര്യ ബാങ്ക് ഏത്?

9. 1859 ൽ ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്ക് നൽകിയ തിരുവിതാംകൂർ ഭരണാധികാരി ആര്?

10. വൈക്കം സത്യാഗ്രഹത്തോട് അനുഭാവം പ്രകടിപ്പിച്ച് നടത്തിയ 'സവർണ്ണ ജാഥയ്ക്ക്' നേതൃത്വം നൽകിയത് ആര്?

11. ആരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരായാണ് 1946 ൽ പുന്നപ്ര വയലാർ സമരം നടന്നത്?

12. കേരളത്തിലെ സ്വാതന്ത്ര സമരസേനാനി

എ) അക്കമ്മ ചെറിയാൻ ബി) പണ്ഡിത രമാബായി

സി) ആനിബസന്റ്സ് ഡി) സരോജിനി നായ്ഡു

13. ബ്രിട്ടീഷുകാർക്കെതിരായ ചെറുത്തുനിൽപ്പിന് പഴശ്ശിരാജ നേതൃത്വം നൽകിയ സ്ഥലം?

എ) കൊച്ചി ബി) തിരുവിതാംകൂർ സി) മലബാർ ഡി) കൊല്ലം

## 2 മാർക്കിന്റെ ചോദ്യങ്ങൾ

14. വൈക്കം സത്യാഗ്രഹത്തിന്റെ കാരണം എന്ത്? ഈ സമരത്തിന് നേതൃത്വം നൽകിയത് ആര്?

15. നിവർത്തന പ്രക്ഷോഭത്തിന്റെ ആവശ്യം എന്ത്? ഇതിന് നേതൃത്വം നൽകിയവർ ആരെല്ലാം?

16. മലബാർ കലാപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

17. ഗുരുവായൂർ സത്യാഗ്രഹത്തെ കുറിച്ച് തയ്യാറാക്കുക.

18. താഴെ നൽകിയ പട്ടിക പൂർത്തീകരിക്കുക.

| സാമൂഹ്യപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| അയ്യങ്കാളി | .............(എ)............. |
| ..............(ബി).............. | യോഗക്ഷേമസഭ |
| വാഗ്ഭടാനന്ദൻ | ............(സി)............ |
| ............(ഡി)................ | സമത്വ സമാജം |

19. മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ ഉൾപ്പെടുത്തി 1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകരിച്ചപ്പോൾ കേരളത്തോട് കൂട്ടിച്ചേർക്കുകയും ഒഴിവാക്കുകയും ചെയ്ത പ്രദേശങ്ങൾ ഏതെല്ലാം?

20. ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

21. ആറ്റിങ്ങൽ കലാപം – കുറിപ്പ് തയ്യാറാക്കുക.

22. ബ്രിട്ടീഷുകാർ കേരളത്തിൽ ആധിപത്യം സ്ഥാപിച്ചത് എങ്ങനെ?

23. താഴെപ്പറയുന്ന സംഭവങ്ങളെ കാലഗണന ക്രമത്തിൽ എഴുതുക.

എ) തെറ്റായ നികുതി നയങ്ങൾക്കെതിരെ ബ്രിട്ടീഷുകാരോട് പടപൊരുതി പഴശ്സിരാഡ വീരമൃത്യു വരിച്ചു.

ബി) ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം.

സി) ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.

ഡി) വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്ത് പോരാടാൻ ആഹ്വാനം ചെയ്തു.

24. ചുവടെ കൊടുത്തിട്ടുള്ള സംഭവങ്ങളെ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതുക.

- ഗുരുവായൂർ സത്യാഗ്രഹം
- നിവർത്തന പ്രക്ഷോഭം
- തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരം

25. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ജി.പി. പിള്ള | നിവർത്തന പ്രക്ഷോഭം |
| ഡോ. പൽപ്പു | സവർണ്ണ ജാഥ |
| സി. കേശവൻ | ഈഴവ മെമ്മോറിയൽ |
| മന്നത്ത് പത്മനാഭൻ | മലയാളി മെമ്മോറിയൽ |

## 6 മാർക്കിന്റെ ചോദ്യങ്ങൾ

26. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകളെ കുറിച്ച് ചുവടെ നൽകിയ സൂചനകൾ പ്രകാരം വിവരിക്കുക.

- പഴശ്ശിരാജ

- വേലുത്തമ്പി ദളവ
- പാലിയത്തച്ചൻ

27. ചുവടെ നൽകിയിട്ടുള്ള പ്രദേശങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.

- മലബാർ
- കൊച്ചി
- തിരുവിതാംകൂർ

# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ആറ്റിങ്ങൽ കലാപം
2. സി) 1741
3. സി) വേലുത്തമ്പി ദളവ
4. സംക്ഷേപവേദാർഥം
5. സി) ഗൗരി പാർവതി ഭായി
6. ബാരിസ്റ്റർ ജി.പി. പിള്ള
7. ഇ.എം.എസ്. നമ്പൂതിരിപ്പാട്
8. നെടുങ്ങാടി ബാങ്ക്
9. ഉത്രം തിരുനാൾ മഹാരാജാവ്
10. മന്നത്ത് പത്മനാഭൻ
11. ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ
12. എ) അക്കമ്മ ചെറിയാൻ
13. സി) മലബാർ

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

14.
- ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി.
- ടി.കെ. മാധവൻ

15.
- സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ക്രിസ്ത്യൻ-മുസ്ലീം-ഈഴവ സമുദായക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം ചെയ്യണം.
- എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ്, സി. കേശവൻ

16. ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലെ മാപ്പിളമാരായ കർഷകർ നടത്തിയ പോരാട്ടം പൊതുവെ മലബാർ കലാപം എന്ന് അറിയപ്പെടുന്നു.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

17.
- ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലുംപെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കുക.
- കെ. കേളപ്പൻ നേതൃത്വം നൽകി.
- എ.കെ.ജി. യായിരുന്നു വളണ്ടിയർ ക്യാപ്റ്റൻ
- പി. കൃഷ്ണപിള്ളയ്ക്ക് ക്രൂരമായ മർദ്ദനമേറ്റു.

18. എ) സാധുജന പരിപാലന സംഘം

ബി) വി.ടി. ഭട്ടതിരിപ്പാട്

സി) ആത്മവിദ്യാസംഘം

ഡി) വൈകുണ്ഠസ്വാമികൾ

19. തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകാട് എന്നീ താലൂക്കുകൾ മദിരാശി സംസ്ഥാനത്തിന് നൽകി. തെക്കൻ കർണാടകത്തിന്റെ ഭാഗമായ കാസറഗോഡ്, ഹോസ്ദുർഗ്ഗ് താലൂക്കുകൾ കേരളത്തോട് കൂട്ടിച്ചേർത്തു.

20.
- 1920 ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനം
- 1921 ൽ ഒറ്റപ്പാലത്ത് നടന്ന ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം
- ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം.
- 1947 ൽ കേളപ്പന്റെ അധ്യക്ഷയിൽ തൃശ്ശൂരിൽ ചേർന്ന ഐക്യകേരള കൺവെൻഷൻ.
- 1947 ജൂലൈ 1 ന് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു.
- ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഒന്നേകാൽ കോടി മലയാളികൾ എന്ന ഗ്രന്ഥം.
- സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ
- 1956 നവംബർ 1 ന് മലബാർ - തിരുവിതാംകൂർ - കൊച്ചി പ്രദേശങ്ങൾ ഉൾപ്പെടുത്തി കേരള സംസ്ഥാനം രൂപീകൃതമായി.

21. • അഞ്ചുതെങ്ങിനെ ബ്രിട്ടീഷ് സൈനിക കേന്ദ്രമാക്കിയതിൽ നാട്ടുകാർക്ക് ശക്തമായ പ്രതിഷേധം.

• 1821 ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോയ 150 ഓളം പേരുള്ള ഇംഗ്ലീഷ് സംഘത്തെ നാട്ടുകാർ വധിച്ചു.

• ഇത് ആറ്റിങ്ങൽ കലാപം.

• ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം.

22. • 1792 ലെ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.

• 1792 ൽ കൊച്ചി രാജാവ് ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ചു.

• 1795 ലെ ഉടമ്പടി പ്രകാരം തിരുവിതാംകൂറും ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു.

• മലബാർ നേരിട്ടും കൊച്ചിയും തിരുവിതാംകൂറും സാമന്ത രാജാക്കന്മാർ വഴിയും ബ്രിട്ടൻ ഭരണം നടത്തി.

23. ബി) ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം (1721)

സി) ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചു (1792)

എ) തെറ്റായ നികുതി നയങ്ങൾക്കെതിരെ ബ്രിട്ടീഷുകാരോട് പടപൊരുതി പഴശ്ശിരാജ വീരമൃത്യുവരിച്ചു. (1805)

ഡി) വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്ത് പോരാടാൻ ആഹ്വാനം ചെയ്തു (1809)

24. • വൈക്കം സത്യാഗ്രഹം

• ഗുരുവായൂർ സത്യാഗ്രഹം

• നിവർത്തന പ്രക്ഷോഭം

• തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരം

25.

| എ | ബി |
|---|---|
| ജി.പി. പിള്ള | മലയാളി മെമ്മോറിയൽ |
| ഡോ. പൽപ്പു | ഈഴവ മെമ്മോറിയൽ |
| സി. കേശവൻ | നിവർത്തന പ്രക്ഷോഭം |
| മന്നത്ത് പത്മനാഭൻ | സവർണ്ണജാഥ |

## 6 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

26. **പഴശ്ശിരാജ**

- മലബാറിൽ ശക്തമായ ചെറുത്തുനിൽപ്പിന് പഴശ്ശിരാജ നേതൃത്വം നൽകി.
- കോട്ടയം രാജകുടുംബാംഗം
- മൈസൂർ യുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരം കോട്ടയം പ്രദേശത്ത് നികുതി പിരിക്കാനുള്ള അധികാരം പഴശ്സിക്ക് വാഗ്ദാനം ചെയ്തു.
- വാഗ്ദാനം ബ്രിട്ടീഷുകാർ നിറവേറ്റിയില്ല.
- വയനാടിന്മേൽ ബ്രിട്ടീഷുകാർ അവകാശം ഉന്നയിച്ചു.
- ഇത് പഴശ്ശി കലാപങ്ങൾക്ക് കാരണമായി.
- ചെമ്പൻ പോക്കർ, കൈതേരി അമ്പു നായർ, എടച്ചേന കുങ്കൻ, തലക്കൻ ചന്തു എന്നിവർ പഴശ്ശിയെ സഹായിച്ചു.
- 1805 ൽ പഴശ്ശിരാജ വധിക്കപ്പെട്ടു.

**വേലുത്തമ്പി ദളവ**

- തിരുവിതാംകൂർ ദിവാൻ
- രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടീഷുകാരുടെ അനിയന്ത്രിതമായ ഇടപെടലാണ് കലാപത്തിന്റെ കാരണം.
- 1809 ൽ വേലുത്തമ്പി കുണ്ടറ വിളംബരം പുറപ്പെടുവിച്ചു.
- മെക്കാളെയുടെ ഔദ്യോഗിക വസതി ആക്രമിച്ചു.
- വേലുത്തമ്പി മണ്ണടിക്ഷേത്രത്തിൽ ആത്മഹത്യ ചെയ്തു.

**പാലിയത്തച്ചൻ**

- പാലിയത്തച്ചൻ കൊച്ചി ദിവാൻ
- രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടീഷുകാരുടെ അനിയന്ത്രിതമായ ഇടപെടലാണ് കലാപത്തിന്റെ കാരണം
- പാലിയത്തച്ചനെ മദ്രാസിലേക്ക് നാടുകടത്തി

**27. മലബാർ**

- 1916 ൽ ആനി ബസന്റിന്റെ അധ്യക്ഷതയിൽ മലബാർ ജില്ല കോൺഗ്രസിന്റെ പ്രഥമ സമ്മേളനം.
- 1920 ൽ മഞ്ചേരിയിൽ നടന്ന അവസാനത്തെ രാഷ്ട്രീയ സമ്മേളനം.
- 1920 ൽ ഖിലാഫത്ത് കമ്മിറ്റികൾ രൂപീകരിച്ചു.
- 1921 ലെ മലബാർ കലാപം
- 1930 ലെ നിയമലംഘന പ്രസ്ഥാനം. കെ. കേളപ്പൻ പയ്യന്നൂരിലും മുഹമ്മദ് അബ്ദുറഹിമാൻ കോഴിക്കോടും നേതൃത്വം നൽകി.
- കയ്യൂർ, മൊറാഴ, കരിവെള്ളൂർ എന്നിവിടങ്ങളിലെ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ സമരം.
- കീഴരിയൂർ ബോംബ് കേസ്.

**തിരുവിതാംകൂർ**

- തിരുവിതാംകൂർ 1891 ലെ മലയാളി മെമ്മോറിയൽ സർക്കാർ ജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ട് രാജാവിന് നിവേദനം നൽകി. ബാരിസ്റ്റർ ജി.പി. പിള്ളയുടെ നേതൃത്വം.
- 1896 ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് ഈഴവ മെമ്മോറിയൽ രാജാവിന് സമർപ്പിച്ചു.
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തി.
- 1932 ലെ നിവർത്തന പ്രക്ഷോഭം - ക്രിസ്ത്യൻ, മുസ്ലീം, ഈഴവ വിഭാഗത്തിന് സംവരണം - എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ്, സി. കേശവൻ എന്നിവർ നേതൃത്വം നൽകി.
- സർ സി.പി.യുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ 1946 ലെ പുന്നപ്ര വയലാർ സമരം.

**കൊച്ചി**

- 1936 ലെ ഇലക്ട്രിസിറ്റി സമരം
- ദിവാൻ ഷണ്മുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചതിനെതിരെ.
- 1941 ൽ കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപീകരിച്ചു.

അധ്യായം 9

# രാഷ്ട്രവും രാഷ്ട്ര തന്ത്രശാസ്ത്രവും

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. എന്താണ് രാഷ്ട്രം?
2. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?


## 2 മാർക്കിന്റെ ചോദ്യങ്ങൾ

3. രാഷ്ട്രത്തിന് ആവശ്യം ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ ഏവ?
4. ഗവൺമെന്റിന്റെ പ്രധാന ചുമതലകൾ എന്തെല്ലാം?
5. പൗരത്വത്തിലൂടെ ലഭിക്കുന്ന തുല്യാവകാശങ്ങൾ എന്തെല്ലാം?
6. ജനാധിപത്യസമൂഹക്രമത്തിൽ രാഷ്ട്രതന്ത്രശാഖയുടെ പ്രാധാന്യം എന്താണ്?
7. രാഷ്ട്രതന്ത്രശാസ്ത്രം എന്നാൽ എന്ത്? ഈ പഠനശാഖയുടെ പ്രാധാന്യമെന്ത്?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

8. പരമാധികാരം എന്നാൽ എന്ത്? പരമാധികാരത്തിന്റെ രണ്ട് തലങ്ങൾ ഏവ?
9. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളും നിർബന്ധിത ചുമതലകളും തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.
10. പൗരത്വം എന്നാൽ എന്ത്? രണ്ട് തരം പൗരത്വങ്ങൾ ഏതെല്ലാം? വിശദമാക്കുക.
11. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ വിവിധ പഠനമേഖലകൾ ഏതൊക്കെ?

12. പദസൂര്യൻ പൂർത്തിയാക്കുക.



# ഉത്തരസൂചിക

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.
2. അരിസ്റ്റോട്ടിൽ

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

3.
- ജനങ്ങൾ
- ഭൂപ്രദേശം
- പരമാധികാരം
- ഗവൺമെന്റ്

4.
- രാഷ്ട്രത്തിനുവേണ്ടി നിയമം നിർമ്മിക്കുകയും നടപ്പാക്കുകയും നീതി ഉറപ്പാക്കുകയും ചെയ്യുന്നു.
- ക്രമസമാധാനം ഉറപ്പുവരുത്തുന്നു.
- തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നു.

5.
- തിരഞ്ഞെപ്പിൽ മത്സരിക്കുവാനുള്ള അവകാശം
- വോട്ട് ചെയ്യാനുള്ള അവകാശം
- സംഘടനകൾ രൂപീകരിക്കുവാനുള്ള അവകാശം

6. പൊതുവായ ഏത് വിഷയത്തെയും യുക്തിപൂർവ്വം വിശകലനം ചെയ്യുവാനും ക്രിയാത്മകമായി ഇടപെടുവാനും വ്യക്തിയെ പ്രാപ്തനാക്കുന്നു.

7.
- രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രം.

- ജനങ്ങളിൽ പൗരബോധം വളർത്തുന്നു.
- സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളിൽ യുക്തിപൂർവ്വം ഇടപെടാൻ സഹായിക്കുന്നു.
- മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥകൾക്ക് രൂപം നൽകുന്നു.
- രാഷ്ട്രത്തോടുള്ള കടമ നിറവേറ്റുന്നു.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

8.
- ആഭ്യന്തര വിഷയങ്ങളിലും, അന്തർദേശീയ വിഷയങ്ങളിലും സ്വന്തമായി തീരുമാനങ്ങൾ എടുക്കുവാനുള്ള രാഷ്ട്രത്തിന്റെ അധികാരമാണ് പരമാധികാരം.
- ആഭ്യന്തര തലം, ബാഹ്യതലം

9. നിർബന്ധിത ചുമതലകൾ
- രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകൾ
- അതിർത്തി സംരക്ഷണം
- ആഭ്യന്തര സമാധാനം
- അവകാശ സംരക്ഷണം
- നീതി നടപ്പാക്കൽ

വിവേചനപരമായ ചുമതലകൾ
- രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ.
- വിദ്യാഭ്യാസം
- ആരോഗ്യം
- ഗതാഗത സൗകര്യം
- ക്ഷേമപ്രവർത്തനങ്ങൾ

10. ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം.
- സ്വാഭാവിക പൗരത്വം : ജന്മനാ ലഭിക്കുന്ന പൗരത്വമാണ്.
- ആർജിത പൗരത്വം : ഒരു രാജ്യത്ത് നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വം

11. • രാഷ്ട്രസിദ്ധാന്തങ്ങൾ
- പൊതുഭരണം
- താരതമ്യ രാഷ്ട്രീയം
- അന്തർദേശീയ രാഷ്ട്രീയം

12. • ദൈവദത്ത സിദ്ധാന്തം
- പരിണാമ സിദ്ധാന്തം
- സാമൂഹിക ഉടമ്പടി സിദ്ധാന്തം
- ശക്തി സിദ്ധാന്തം

### അധ്യായം 10

# പൗരബോധം

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. പൗരബോധം എന്നാലെന്ത്?
2. പൗരബോധത്തിന്റെ പ്രാധാന്യമെന്ത്?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏവ?
2. പൗരബോധ രൂപീകരണത്തിൽ കുടുംബത്തിനുള്ള പങ്ക് വ്യക്തമാക്കുക.
3. വിദ്യാഭ്യാസം പൗരബോധരൂപീകരണത്തെ എങ്ങനെ സഹായിക്കുന്നു?
4. പൗരബോധം രൂപീകരിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് വിശദമാക്കുക.
5. പൗരബോധം വളർത്തുന്നതിൽ സംഘടനകളുടെ പങ്ക് വ്യക്തമാക്കുക.
6. പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗ്ഗങ്ങൾ ഏവ?
7. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രപഠനം എങ്ങനെ സഹായകമാകുന്നു?
8. സമൂഹം നേരിടുന്ന ഏതെങ്കിലും രണ്ട് പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും എഴുതുക.

# ഉത്തരസൂചിക

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.
2. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനാവുകയും എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടങ്ങൾക്കുവേണ്ടി മാത്രമാവുകയും ചെയ്യും. ഇത് സാമൂഹിക ജീവിതത്തെ പ്രതികൂലമായി ബാധിക്കും. ഇത്തരമൊരു സമൂഹത്തിൽ സമാധാനവും സുരക്ഷിതവുമുണ്ടാകില്ല.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1.
   - കുടുംബം
   - വിദ്യാഭ്യാസം
   - സാമൂഹിക വ്യവസ്ഥ
   - സംഘടനകൾ
   - രാഷ്ട്രീയവ്യവസ്ഥ
2.
   - മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും നാം പഠിക്കുന്നത് കുടുംബത്തിൽനിന്നാണ്.
   - അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നതിലും നിലനിർത്തുന്നതിലും കുടുംബം വലിയ പങ്കുവഹിക്കുന്നു.
   - കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തും.
   - ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധ്യം വളർത്തിയെടുക്കാൻ കുടുംബാന്തരീക്ഷം സഹായിക്കുന്നു.

3. • വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.

• മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു.

• ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സഹായിക്കുന്നു.

• മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും.

4. • അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നു.

• വാർത്തകളും വിവരങ്ങളും ജനങ്ങളിലെത്തിക്കുന്നു.

• ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കും.

• നിഷ്പക്ഷവും സ്വതന്ത്രവുമായ മാധ്യമങ്ങൾ പൗരബോധരൂപീകരണത്തെ സഹായിക്കുന്നു.

5. സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു. പരിസ്ഥിതി സംരക്ഷണം, മനുഷ്യാവകാശ സംരക്ഷണം, ജീവകാരുണ്യപ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകൾ പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശ ബോധവും വ്യക്തികളിൽ സൃഷ്ടിക്കുന്നു.

6. • ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

• പൊതുതാല്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.

• മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്ന് തുടങ്ങുക.

• ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക

• അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.

7. • വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.

• രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.

• പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.

• സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.

- പൗരബോധത്തിന്റെ ഉത്തമ മാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുന്നു.

8. 1. അഴിമതി

- അഴിമതിക്കെതിരായ ബോധവൽക്കരണം
- അഴിമതിയിൽ ഒരു രീതിയിലും പങ്കാളികളാകാതിരിക്കുക.
- പരാതിപ്പെടുക.

2. ജലക്ഷാമം

- കാര്യക്ഷമതയോടെയുള്ള ഉപയോഗം
- മഴവെള്ള സംഭരണം
- ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുക.
- ചെടികൾ വച്ചുപിടിപ്പിക്കുക.

അധ്യായം 11

# സമൂഹശാസ്ത്രം എന്ത്? എന്തിന്?

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. പത്തൊമ്പതാം നൂറ്റാണ്ട് ചരിത്രത്തിൽ അറിയപ്പെടുന്നത് ഏത് പേരിലാണ്?
2. സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്നത് ആരെയാണ്?
3. ചാൾസ് ഡാർവ്വിന്റെ പരിണാമ സിദ്ധാന്തത്തെ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകൻ?
4. സാമൂഹികവിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ പഠനരീതി?
5. മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനം ഏത് പേരിലാണ് അറിയപ്പെടുന്നത്?

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1. കേസ് സ്റ്റഡി എന്നാലെന്ത്?
2. സമൂഹശാസ്ത്രത്തിന്റെ പ്രയോഗ സാധ്യതകൾ എന്തെല്ലാം?
3. സോഷ്യൽ സർവ്വെ എന്നാലെന്ത്? ഏത് സന്ദർഭത്തിലാണ് ഈ രീതി പ്രയോജനപ്പെടുത്തുന്നത്?
4. സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഒരു രീതിയാണ് അഭിമുഖം. ഇതിന്റെ സവിശേഷതകളേവ?
5. ഇന്ത്യയിലെ സമൂഹശാസ്ത്രപഠനത്തിന് പ്രധാന സംഭാവന നൽകിയവർ ആരൊക്കെയാണ്?
6. സർഗ്ഗരചനയും സമൂഹശാസ്ത്രപഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാംമ?
7. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ എന്തെല്ലാം?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

8. സമൂഹശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ ഏതെല്ലാം?
9. സമൂഹശാസ്ത്രപഠനത്തിന്റെ പ്രയോജനങ്ങൾ ഏവ?
10. സമൂഹശാസ്ത്രപഠനത്തിലെ നിരീക്ഷ രീതിയെക്കുറിച്ച് വിവരിക്കുക.

# ഉത്തരങ്ങൾ

## 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. വിപ്ലവയുഗം
2. അഗസ്ത്കോംതെ
3. ഹെർബർട്ട് സ്പെൻസർ
4. സർവേ രീതി
5. സമൂഹശാസ്ത്രം

## 2 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. 
   - അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാൻ കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നു.
   - ഇത്തര പടനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും.
2. 
   - ഗവേഷണ പഠനങ്ങളിൽ പരിശീലനം സിദ്ധിച്ച സമൂഹശാസ്ത്രജ്ഞരെ ഭരണ-ആസൂത്രണ മേഖലകളിൽ ആവശ്യമായി വരുന്നു.
   - വാണിജ്യം, നഗരാസൂത്രണം, സാമൂഹികക്ഷേമം, പരസ്യം, വാർത്താവിനിമയം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിലേക്ക് സമൂഹശാസ്ത്രത്തിന് പ്രയോഗ സാധ്യതകളുണ്ട്.
3. 
   - തെരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽ നിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കുന്ന രീതി.
   - വലിയ ഒരു വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കേണ്ടിവരുന്ന പഠനത്തിലാണ് സർവ്വേ രീതി ഉപയോഗിക്കുന്നത്.
4. 
   - വാമൊഴിയായി വിവരം ശേഖരിക്കുന്ന ഒരു രീതിയാണിത്.
   - ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണ് അഭിമുഖം.

- വ്യക്തികളുടെ കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലത്തിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും ഉപയോഗിക്കുന്ന രീതിയാണ് അഭിമുഖം.

5. ജി.എസ്. ഘുര്യേ, എ.ആർ ദേശായി, എസ്.സി. ദുബേ, എം.എൻ. ശ്രീനാവ്സ, ഡി.പി. മുഖർജി.

6. സർഗ്ഗരചന

* ഭാവന, സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു.
* സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മക തലത്തിൽ ആവിഷ്കരിക്കുന്നു.

സമൂശാസ്ത്രപഠനം

* സാമൂഹികപ്രതിഭാസങ്ങൾ/വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.
* സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു.

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

8. • സാമൂഹിക സ്ഥാപനങ്ങൾ • സാമൂഹിക സംഘങ്ങൾ
• സാമൂഹിക ബന്ധങ്ങൾ • സാമൂഹീകരണം
• സാമൂഹിക നിയന്ത്രണം • സമുദായങ്ങൾ

9. • സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിച്ചു.
• സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായി അറിയാൻ സഹായിക്കുന്നു.
• സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
• സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു.

10. • കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം.
• നിരീക്ഷണം രണ്ട് രീതിയിലുണ്ട്.

പങ്കാളിത്ത നിരീക്ഷണം, പങ്കാളിത്ത രഹിത നിരീക്ഷണം

പങ്കാളിത്ത നിരീക്ഷണം

നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം.

ആദിമ സമൂഹത്തെക്കുറിച്ചുള്ള പഠനത്തിനായി നരവംശശാസ്ത്രമാണ് ഈ രീതി ഏറെ ഉപയോഗിക്കുന്നത്.

പങ്കാളിത്ത രഹിത നിരീക്ഷണം

പങ്കാളിത്ത രഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.